LILA KUMARAN ASAN

F4

032:1M97:12

032:1M97:12
F4

# ലീല.

(ഒരു ലഘുകാവ്യം.)

---

എൻ. കുമാരൻ ആശാൻ.

മൂന്നാം പതിപ്പ്—പ്രതി ൧൦൦൦.

---

All rights reserved.

---

Printed at the

V. V. Press, Quilon.

---

1099

ഉടമസ്ഥന്റെ മുദ്രയില്ലാത്ത പ്രതി വ്യാജമാകുന്നു.

25661

37827

032:1M97:12

F4

# മുഖവുര.

'നളിനി' എഴുതി അവസാനിക്കുന്നതിനു മുമ്പുതന്നെ അതു മാതിരി ഒരു ചെറിയ കാവ്യംകൂടി എഴുതേണ്ടുന്ന ആവശ്യകത തോന്നിയിരുന്നു. കാരണം, നളിനിയിലെ നായികാനായകന്മാർ രാജസം മിക്കവാറും വിട്ടു, സാത്വികാവസ്ഥയിൽ എത്തി നില്ക്കുന്ന പുണ്യാത്മാക്കളാണു്. അതിന്നു മുമ്പുള്ള അവസ്ഥകളിലാണല്ലോ ജീവിതത്തിൻെറ കഷ്ടതകളും മാനസരഹസ്യങ്ങളും അധികം അടങ്ങിയിരിക്കുന്നതു്. അതുകൊണ്ടു് നളിനിയിലെ പാത്രങ്ങളുടെ അടുത്ത താണപടിയിൽ എത്തീട്ടുള്ള ജീവിതങ്ങളേ പററിയാണു് പിന്നെ എഴുതേണ്ടതായിത്തോന്നിയതു്. അതു മുതൽ അതിനേപ്പററി ഗാഢമായി ചിന്തിക്കയും പല സംഗതികളും സ്വരൂപിച്ചു മനസ്സിൽ ക്രമപ്പെടുത്തിവെക്കുകയും ചെയ്തുകൊണ്ടിരുന്നു. ഇതിനിടയിൽ ഒരിക്കൽ, 'സെൻട്രൽഹിന്ദുകോളേജ് മാഗസി'നിൽ ആണെന്നുതോന്നുന്നു, പ്രസിദ്ധനായ ഡാക്ടർ കുമാരസ്വാമി ഒരു ഉപന്യാസത്തോടുകൂടി ഒരു പെർസ്യൻ കഥാനായികയുടെ ചിത്രം പ്രസിദ്ധപ്പെടുത്തിയിരുന്നതായികണ്ടു. ആ ചിത്രം മേല്പറഞ്ഞ സങ്കല്പത്തേ ഉദ്ദീപിപ്പിച്ചു. എന്നാൽ കഥയെപ്പററി വിസ്തരിച്ചു യാതൊന്നും ഉപന്യാസത്തിൽ ഉണ്ടായിരുന്നതായി ഓർക്കുന്നില്ല. ഒടുവിൽ നളിനി എഴുതിത്തീർന്നു് ൭ മാസം കഴിഞ്ഞശേഷം ൧൯൧൪ ജൂലൈ ൨൭-ാംനു-യാണു് 'ലീല' എഴുതിത്തുടങ്ങിയതു്. മുൻപറഞ്ഞ ചിത്രം ഒരിക്കൽകൂടി കാണുകയോ ഉപന്യാസം

ന്നുകൂടി വായിച്ചുനോക്കുകയോ ചെയ്താൽ കഥാസൃഷ്ടിയിൽ വ ല്ല സഹായവും ഉണ്ടാവാൻ മതിയെന്നുതോന്നുകയാൽ അപ്പോൾ വീണ്ടും അതിനെപ്പററി അന്വേഷിച്ചു എങ്കിലും കിട്ടിയില്ല. ചുരുക്കി പറഞ്ഞാൽ, ഈ കാവ്യംപോലേതന്നെ ഇതിൻെറ ക ഥയും സ്വന്തം ചെറിയ കല്പനാശക്തിക്കൊത്തവണ്ണം സ്വതേ തന്നെ നിർമ്മിക്കയാണ് ചെയ്തിട്ടുള്ളതു്. അതുകൊണ്ടു് 'ലീല' തൻെറ പൂർവ്വജയായ 'നളിനി'യെപ്പോലെതന്നെ ഒരു കല്പിത ക ഥയാണ്.

ഈയിടെ പല ആളുകളും അന്യഭാഷകളിൽ നിന്നു പ ല പുസ്തകങ്ങളും രൂപാന്തരപ്പെടുത്തി വിവരം പ്രസ്താവിക്കാ തെ സ്വന്ത കൃതികളായി പ്രസിദ്ധപ്പെടുത്തിവരുന്നുണ്ടു. ഈ ഭംഗിയില്ലാത്ത നടവടി വായനക്കാരുടെ ഇടയിൽ ഒരുവക അ വിശ്വാസത്തിന്നു ഹേതുവായിത്തീൎന്നിട്ടുമുണ്ടു്. അതുകൊണ്ടു് സാമാന്യം നന്നായിട്ടേതെങ്കിലും ഒരു കൃതി കണ്ടാൽ അതു കേ വലം ഭാഷാന്തരമോ അനുകരണമോ ആയിരിക്കുമെന്നു തീൎച്ച യാക്കിക്കഴിയും. എന്നാൽ അങ്ങിനെയുള്ള നല്ലകൃതികൾക്കും തൽകൎത്താക്കന്മാൎക്കും വാസ്തവത്തിൽ അതുകൊണ്ടു ഹാനി ഒ ന്നും വരാനില്ലെങ്കിലും ആ വക തെററിദ്ധാരണ ജനങ്ങൾക്കു, യഥാൎത്ഥകൃതികളുടെ ശരിയായ ഗുണദോഷനിരൂപണത്തിൽ അനാസ്ഥയുണ്ടാക്കി അവയെ വായിക്കുന്നതിലും അവയുടെ ക ൎത്താക്കന്മാരുടെ പ്രയത്നത്തെ അനുമോദിക്കുന്നതിലും അടങ്ങി യിരിക്കുന്ന നിർദ്ദോഷമായ സുഖത്തിന്നു ഭംഗം വരുത്തും. ഇതു ഒരു ദയനീയമായ സംഗതിയാകുന്നു ഒരു കൃതിയിൽ ഉള്ള ദോഷങ്ങൾക്കു തൽകൎത്താവു് ഉത്തരവാദിയായിരിക്കുന്നതുപോ ലെ അതിൽ വല്ല ഗുണോൽകർഷവുമുണ്ടെങ്കിൽ അതിനുള്ള ബ ഹുമതിക്കും അയാൾ തന്നെയാണ് അവകാശി. ഈ ബഹുമ തിയെ സമ്മതിച്ചു കൊടുക്കുന്നതിൽ പ്രായേണ ജനങ്ങൾക്കു

കാണുന്ന വൈമനസ്യം, പുതിയ കല്പനാസാമർത്ഥ്യങ്ങൾ ഒന്നും നമുക്കുണ്ടാവാൻ പാടില്ലെന്നു നമ്മുടെ നാട്ടുകാർ മുൻകൂട്ടി ധരിച്ചുവെച്ചിട്ടുള്ള ദുർധാരണയുടെ ഫലമാണ്. താഴെ കാണുന്ന കാളിദാസവചനം ഈ സന്ദർഭത്തിൽ സ്മരണീയമായിരിക്കുന്നു:—

"സന്തഃ സമീക്ഷ്യാന്യതരൽ ഭജന്തേ
മൂഢഃ പരപ്രത്യയനേയ ബുദ്ധിഃ"

ഇനി, ഒരു കവി മുമ്പെഴുതുന്ന കൃതിയോടു പിമ്പെഴുതുന്നതിനെ താരതമ്യപ്പെടുത്തി അഭിപ്രായം പറവാൻ കാത്തിരിക്കുന്ന വായനക്കാരുണ്ട്. അവർ ഓരോ കൃതിയിലും കവി പിടിച്ചിരിക്കുന്ന പ്രമേയം എന്താണെന്നും, ഓരോന്നിനേപ്പററിയും അയാളുടെ പ്രത്യേക ചുമതല എന്താണെന്നും വേണ്ടവണ്ണം ആലോചിക്കാതെയാണു ചിലപ്പോൾ ഒക്കെ അഭിപ്രായങ്ങൾ പുറപ്പെടുവിക്കാറുള്ളതു്. അതുകൊണ്ടു പ്രിയവായനക്കാർ നളിനിയോടു ലീലയെ താരതമ്യപ്പെടുത്തുമ്പോൾ ഈ വസ്തുത ഓർമ്മിക്കേണമെന്നു പ്രത്യേകം അപേക്ഷിക്കുന്നു. ദൃഷ്ടാന്തത്തിന്ന, 'നളിനി' ഒരു താമരപ്പൂവാണെന്നും 'ലീല' ഒരു ചമ്പകപ്പൂവാണെന്നും വിചാരിക്കുക. രണ്ടും പുഷ്പങ്ങളാണു്. രണ്ടിനെയും സൃഷ്ടിക്കുന്നതിൽ സ്രഷ്ടാവു തൻെറ കല്പനാശക്തിയേയും ശില്പസാമർത്ഥ്യത്തേയും ഒന്നുപോലെ ഉപയോഗിച്ചിട്ടും ഉണ്ടു്. എങ്കിലും ഒന്നു ശാന്തമായ സൗഗന്ധവും ഉദാരമായ ശോഭയുമുള്ള താമരപ്പൂവു്; മറേറതു് പ്രകടമായ സൌരഭ്യവും, ഉജ്ജ്വലമായ കാന്തിയുമുള്ള ചമ്പകപ്പൂവു്. വ്യത്യാസത്തിന്നു കാരണം സ്രഷ്ടാവിൻെറ സങ്കല്പഭേദം മാത്രമായിരിക്കും. അതു് ഒഴിച്ചു കൂടാത്തതുമാണു്.

ഭാഷാരീതിയെ സംബന്ധിച്ചു, നളിനിയുടെ അവതാരികയിൽ മഹാമഹിമശ്രീ ഏ. ആർ. രാജരാജവൎമ്മകോയിത്തമ്പുരാൻ തിരുമനസ്സുകൊണ്ടു കുറയ്ക്കേണ്ടതായി സൂചിപ്പിച്ചിരുന്ന നിർബന്ധങ്ങൾ പാട്ടുള്ളത്ര കുറപ്പാൻ ശ്രമിച്ചിട്ടുണ്ടു്. അശ്രമം തൃപ്തികരമാംവണ്ണം സാധിച്ചിട്ടില്ലെന്നു കാണുന്നതിൽ വ്യസനിക്കുന്നു. ചിരപരിചയംകൊണ്ടു ഉറച്ചുപോയ ശൈലി മാററുന്നതു് ക്ഷിപ്രസാദ്ധ്യമല്ലെങ്കിലും ഇനിയും ശ്രമിച്ചു തിരുമനസ്സിലെ പൂൎണ്ണപ്രസാദത്തിന്നു പാത്രമാവാൻനോക്കുന്നതാണു്.

൧൦൯൨ ഡിസംബർ ൧൧-ാംനു "ലീല" എഴുതിത്തീൎന്നു. ക്ലേശകരമായ കൃത്യാന്തരങ്ങളുടെ ഇടയിൽ പ്രായേണ രാത്രിസമയം മാത്രമേ ഇതിന്നു വിനിയോഗിപ്പാൻ കിട്ടീട്ടുള്ളു. അച്ചടിക്കുന്നതിന്നുമുമ്പു തന്നെ പണ്ഡിതസ്നേഹിതന്മാരിൽ പലരും ഇതിനെ വായിച്ചു കേൾക്കയും പ്രോത്സാഹിപ്പിക്കയും ചെയ്തിട്ടുണ്ടു്. ഇവരിൽ നന്ത്യാർവീട്ടിൽ കെ. പരമേശ്വരൻപിള്ള (എം ഏ; എം. ആർ. ഏ. എസ്സ്.) അവർകളുടെ പേർ പ്രത്യേകം പറയേണ്ടിയിരിക്കുന്നു. അദ്ദേഹത്തിൻെറ കൎക്കശമെങ്കിലും വ്യുൽപാദകമായ ഗുണദോഷചിന്തനത്തിന്നു സ്നേഹബഹുമാനപൂൎവ്വം നന്ദി പറകയും ചെയ്യുന്നു.

നളിനിയേ സ്വീകരിക്കുന്നതിൽ പൊതുജനങ്ങളും വൎത്തമാനപ്പത്രങ്ങളും ടെക്സ്റ്റ്ബുക്ക് കമ്മററിക്കാരും ഒന്നുപോലെ പ്രദൎശിപ്പിച്ച സ്നേഹപൂൎവ്വമായ താൽപൎയ്യത്തിന്നും പ്രോത്സാഹനങ്ങൾക്കുമായി എല്ലാവൎക്കും വന്ദനം പറവാൻ ഈ സന്ദർഭത്തെ ഉപയോഗിച്ചു കൊള്ളുന്നു. നളിനിക്കു സരസമായ ഒരു നിരൂപണം പ്രസിദ്ധപ്പെടുത്തി അതിൻെറ പ്രചാരത്തെ വൎദ്ധിപ്പിപ്പാൻ ഉത്സാഹിച്ച മാന്യസ്നേഹിതനായ സ്ക്കൂൾ ഇൻസ്പെക്ററർ ജീ. രാമൻമേനോൻ (എം. ഏ.) അവർകളോടുള്ള ഹാ

ർദ്രവമായ കൃതജ്ഞതയേയും ഈ അവസരത്തിൽ പ്രസ്താവിച്ചുകൊള്ളുന്നു.

"ലീല" അച്ചടിച്ചുതീൎന്നിട്ടുതന്നെ ആറുമാസത്തിൽ അധികമാകുമെങ്കിലും ഇടയിലുണ്ടായ അസൗകൎയ്യങ്ങളാൽ പ്രസിദ്ധപ്പെടുത്താൻ ഇത്രതാമസം നേരിട്ടതാകുന്നു. ഇതിൻെറ പ്രസിദ്ധീകരണത്തിന് വേണ്ടതെല്ലാം ചെയ്തുതന്ന ബീ. വി. ബുക്കഡിപ്പോ ഉടമസ്ഥന്മാൎക്കും പുസ്തകം മുഴുവൻ വായിച്ചുനോക്കി സന്ദർഭോചിതമായ ചിത്രങ്ങൾ ദയചെയ്തു് എഴുതിതന്ന മ. രാ. രാ. കേ. ആർ. രവിവൎമ്മകോയിത്തമ്പുരാൻ തിരുമനസ്സിലേക്കും ഹൃദയപൂൎവ്വം നന്ദിപറഞ്ഞുകൊള്ളുന്നു. *

തിരുവനന്തപുരം.
൩൦-൨-൧൦൯൫ } എൻ. കുമാരൻ ആശാൻ.

---

* ഒന്നാംപതിപ്പിലെ മുഖവുര അതുപോലെ ഇവിടെ ചേൎത്തിരിക്കുന്നു.

# ലീല.

## ഒന്നാം സൎഗ്ഗം.

—:o:—

"പ്രണയ പരവശേ, ശുഭംനിന-
ക്കുണരുക, ഉണ്ടൊരു ദിക്കിൽ നിൻ പ്രിയൻ,
ഗുണവതി, നെടുമോഹ നിദ്ര വി-
ട്ടുണരുക, ഞാൻ സഖി, നിന്റെ 'മാധവി'."

സരള മധുര മീവിധം വച-
സ്സൊരു വിധി വാട്ടിയ കൎണ്ണവീഥിയിൽ,
വിരവിനൊടു പതിച്ചു പിച്ചിമേൽ
വിരള നവാംബുദ ബിന്ദുവെന്ന പോൽ. 2

ഉദയ പുര മതിന്നുപാന്തമായ്
വിദിത മഹീധര സാനു ഭൂമിയിൽ
സദന സുമ വനത്തി ലൊന്നിലു-
ന്മദമരുളും മധുമാസ രാത്രിയിൽ, 3

## ഒന്നാം സൎഗ്ഗം

വിലസി നറു നിലാവെഴും ലതാ-
വലയ മിയന്ന നിലത്തൊ രോമലാൾ
വിലയ വിവശമേനി, വീണ പൂ-
ങ്കുലയതുപോലെ കിടന്നിതേകയായ്. 4

(യുഗ്മകം)

ക്ഷിതിയി ലഹഹ! മൎത്ത്യ ജീവിതം
പ്രതിജന ഭിന്ന വിചിത്ര മാൎഗ്ഗമാം
പ്രതി നവ രസമാ മതോൎക്കിൽ
കൃതികൾ മനുഷ്യകഥാനു ഗായികൾ. 5

മരുവി യവിടെ മുമ്പു, ദൂരമാം-
മരുവിലകന്ന മഹാൎഹ പട്ടണങ്ങളിൽ,
പെരുവഴി തുണചേൎന്നു പോകുവോ-
രൊരു വക യാളുകൾ വൈശ്യ വൃത്തികൾ. 6

അവരുടെ കുലനാഥനുണ്ടൊരാ-
ളവനിയിൽ വിശ്രുതന 'നൎത്ഥപാലകൻ,'
അവനു തനയയായ് ജനിച്ചുപോ-
ലവികല മാനുഷരൂപമാധുരി. 7

ഭവന മണി വിളക്കു, സദ്ഗുണ-
പ്രവണത യാൎന്നു വളൎന്നുനന്ദിനി,
അവനു മമത കൊണ്ടു തുല്യമാ-
യവളു മസുക്കൾ വസുക്കൾ താനുമേ. 8

കല, നിശിത കുശാഗ്ര ബുദ്ധിയാൾ
പലതു പഠിച്ചിതു ശക്തിപോലെയും,
വലിയ ധനികനാം പിതാവു തൻ
നിലയിൽ വിചക്ഷണ ലബ്ധിപോലെയും. 9

സകുതുക മഥ മത്സരിച്ചുതാൻ
മികവൊടണിഞ്ഞിതു ശൈശവം മുതൽ,
പ്രകൃതിയവളെ യംഗ കാന്തിയാൽ,
സുകൃതി പിതാവു വിഭൂഷണങ്ങളാൽ. 10

ലലിത ലലിത മാൎന്നു യൌവനം
കുലസുത "ലീല" — അതാണവൾക്കുപേർ,
ലലനകളുടെ ഭാഗ്യ യന്ത്രമാ-
നിലയിൽ മനസ്സു തിരിഞ്ഞപോലെ പോം. 11

## ഒന്നാം സർഗ്ഗം

മകളൊടു മൊരുമിച്ചു യാത്രയാ-
യകലെയൊരിക്കൽ വണിഗ്വരൻ, തദാ
സകുതുക മവൾ കണ്ടു വർത്തക
പ്രകര മട്ടപ്പുതു താവളങ്ങളിൽ. 12

കൊടിയ വെയിലു മുഗ്ര വായുവും
പൊടിയു മിടഞ്ഞു മഹാ മരുക്കളിൽ,
കടലിൽ ബഹു ചരക്കു മാളുമായ്
പടവുകൾ പോൽ വരുമൊട്ടകങ്ങളും, 13

പടകുടികൾ വെടിഞ്ഞു കുന്നു തൻ
കൊടുമുടി വിട്ടു വലാഹകങ്ങൾ പോൽ,
നെടു വഴികളിൽ നീണ്ട വാഹന-
പ്പടയൊടു പോ മുരു സാർത്ഥവാഹരും. 14

പല ജനത, പലേ നിബന്ധനം
പല നഗരം പല വേഷ ഭാഷകൾ
പലതു മിതു കണ ക്കണഞ്ഞു ക-
ണ്ടല മവൾ മോദവു മാൻ ബോധവും. 15

(വിശേഷകം)

വിഭവേ മതു കന്ദക്കെ വിദ്യ; യീ
സുഭഗത, ശോഭനേ യൌവനാഗമം,
ശുഭഗുണയിവയിൽ ചരിക്കയാ—
യഭിമത, വാപിയിൽ മുഗ്ധഹംസിപോൽ. 16

കരുതരു തുരു ഭൂതി കാങ്കിലും
സ്ഥിരശുഭയാണിഹ ലീലയെന്നു നാം,
പരമ രുചിരമാ മഹന്മുഖം
ചരമ ധരോപരി കാറു നില്ക്കുവേ. 17

ശരി, ഹത വിധിയായ മേഘമാ-
ന്നിരുളുപരന്നിത, ലോകയാത്രയിൽ,
മുറുകി വലിയ കോളു, കന്യയാം
ചെറുകളി വഞ്ചി കുടുങ്ങി യാടലിൽ. 18

വിജയപുര നിവാസി, വർത്തക-
പ്രജപതി, യാവഴി പോന്നു വന്നൊരാൾ
സ്വജനമൊടു വരിച്ചു ലീലയെ,
നിജസുതനായി വധൂകരിക്കുവാൻ 19

കമന നഥ മകൾക്കവൻ യുവാ
സമ ധന വംശ നിണ്ണങ്ങു മെന്നു താൻ
മമതയൊടു മുറച്ചു ചെയ്തുപോയ്
സമയവുമങ്ങിനെ യർത്ഥപാലകൻ. 20

അവിഹിത മിഹ രക്ഷ്യരോടൊരാൾ-
ക്കവികലമാം പ്രഭുഭാവം, അല്ലതും
യുവജനഹൃദയം സ്വാതന്ത്ര്യമാ-
ണവരുടെ കാമ്യ പരിഗ്രഹേച്ഛയിൽ. 21

‘മദന’ നിതി പുകഴ്ന്നു, മാധുരീ-
സദനമതായ സഖാ, ഗുണോത്തരൻ,
സദന നികട വർത്തി യുണ്ടൊരാൾ,
ഹൃദയ മവന്നവൾ നൽകി മുന്നമേ. 22

ദുഹിതൃ പരിണയോത്സവം യഥാ-
വിഹിത മൊരുക്കി വഴിക്കു വർത്തകൻ,
അഹഹ! പിതൃ നിയോഗ ഖിന്ന, ദു-
സ്സഹ മഴലിപ്പൊഴറിഞ്ഞു ബാലിക. 23

പഴകിയ തരുവല്ലി മാററിടാം
പുഴയൊഴുകും വഴി വേറെയാക്കിടാം
കഴിയുമവ — മനസ്വിമാർ മന-
സ്സൊഴിവതശക്യ മൊരാളിലൂന്നിയാൽ. 24

ഗുരുജന വചനം, കുലക്രമം,
തരുണികൾ തന്നുടെ യസ്വതന്ത്രത,
കരുതിയിവ മറച്ചു കാമിതം,
കരുമന പൂണ്ടിവൾ കാട്ടിലൌകികം. 25

വിനയവതി യുഴിഞ്ഞു വിട്ടിടാം
ജനക ഹിതത്തിനു തന്നെ താൻ ഹിതം,
അനഘ നവ നനന്യ രാഗ നാം-
യനുകനെ യെങ്ങിനെ യാത്തു മാർത്തിയിൽ?. 26

കദനമതൊഴിയാതെ കഷ്ട! മീ-
മദന ശതാശയ മാഴ്കി,-നിഷ്ഫലം:
വിദയ നിയതി, ദുസ്തരൌഘ,-യാ-
നദിയെ യെതിർത്തൊരു ജന്തു നീന്തുമോ? 27

സ്ഫുടമഥ പകതെററി യേററുമ-
ക്കൊടിയിയലും ധ്വജ കോടിയെന്നപോൽ
ഒടുവിലവൾ വിവാഹ മംഗളം
തടവി ഗളത്തില, നിഷ്ട ദർശനം. 28

സുതയിലകമലിഞ്ഞു തൽപതി-
ക്കതി ഗുണിതം ധനമേകി പോൽധനി;
നദി വഴിയുദധിക്കു മേകുമി-
ങ്ങുദക സമൃദ്ധി ഘനാഢ്യനാം ഗിരി. 29

പ്രണയിയൊടു പിരിഞ്ഞു നാഥനോ-
ടണവതിനാക്ക മവൾ ക്കെഴുന്നഴൽ,
ഇണയെ യകലെവിട്ടു ദൂരെ നിർ-
ഘൃണമിഹ വിററ കപോതി ചൊൽകിലാം. 30

ഘന രുജയൊടു യാത്രകൂട്ടമാ-
ജ്ജനക വിയോഗ മറിഞ്ഞതില്ലവൾ,
മന മഭിഹത മസ്ത രാഗമാം,
സ്വന മിയലില്ല തകർന്ന വീണയിൽ. 31

സുതയുടെ മുഖ മാധ്ധി കർശിതം
ഗതനാഥ ഖേദ മൊടോത്തു വത്സകൻ
അതു നിജവിരഹാർത്തിമൂലമെ-
ന്നഥകരുതീ ട്ടവനാശ്വസിക്കയായ്. 32

വരസുഖവിഭവങ്ങൾ മേല്ക്കുമേൽ
വരന്നതുള്ളുന്നതവൾക്കു ദുഃഖമായ്
നരഹൃദയമതിന്നു ഭാവനാ—
പരികരമെങ്ങിനെ, ഭോഗമങ്ങിനെ. 33

പതി പിതൃ കൃത നോക്കിൽ യോഗ്യനാം,
കൃതമതിയാമവൾ-എന്തഹോ ഫലം!
ക്ഷിതിയിലൊരു പുമാൻെറ യെന്നിയേ
സതികൾ പരൻെറ ഗുണങ്ങൾ കാണുമോ? 34

ഘടന, പതി വിലാസി ചെയ്യിലും,
പിട മൃഗനേത്ര കൃപാർദ്രയാകിലും,
സ്ഫുടമകമലിയാതെ മേവിനാൾ
തട ശിലപോലെ തരംഗ ലീലയിൽ. 35

ദിനവു മിതുകണക്കെ മാസവും
പുനരഥ പോ യതി ദീർഘമബ്ദവും
ഗുണവതി യവൾ നിന്നു നിഷ്ഠയിൽ
പ്രണയജമാ മഴലെത്തി കാഷ്ഠയിൽ. 36

'പിണയുമിനി വിപത്ത്' ശങ്കയീ
'പ്രണയിനി' യെന്നഥ ഹന്ത! കാട്ടിനാൻ
ക്ഷണ മകരുണ മന്യ വൈഭവം
ഗുണ പരിണാമ പരീക്ഷകൻ വിധി. 37

അവളുടെ ശയനീയ ശായിയാ-
മവനൊരുഷസ്സി ലുണർന്നിടാതെയായ്;
യുവത യെവിടെ?-ജന്തുവിന്നു ഹാ!
വിവൃത കവാട യനാരതം മൃതി. 38

അയി സുഭഗേ! വെടിഞ്ഞു ഭൂമി നീ
പ്രിയയുടെ രാഗ മറിഞ്ഞതില്ലെടോ,
നിയതി ഹത നി തോർക്കുകിൽ ഭവാൻ
സ്വയമഭിമാന കൃതാർത്ഥ നെങ്കിലും. 39

ഒടുവിലഹഹ! ബന്ധു രോദനം
നടുവിലശങ്ക മവന്റെ യാര്യുടൽ
ചടുല ശിഖയിൽ നിർദ്ദയോദ്യമൻ
ഝടിതി ദഹിച്ചു ചിതാഹുതാശനൻ. 40

വിവിധ ഹൃദയ വൃത്തി വിഘ്നയായ്
വിവശതയാർന്നു വിതന്തുവാ മവൾ
മൃഗ യുവതി കിരാതർമുക്തയായ്
വൃകനിര തൻ വഴി ചെന്നു വീണപോൽ. 41

“പതിയെ യനുമരിച്ചു പുണ്യവും,
സതികൾ പെറുന്നു സമജ്ഞ സൌഖ്യവും,
വിധവ വിദയ വക്രശീല യീ
വിധമിഹ വാഴ്കയായി പാപ ഞാൻ! 42

പലരിനി യശുഭങ്ങളോർത്തിടാം
പലരപവാദ ശരങ്ങൾ തൂകിടാം
ഹതയിവളിൽ, - അഹോ! ഗുണത്തിനാം
പതി വനിത യ്ക്കനഭീഷ്ടനെങ്കിലും. 43

പരമരിയ കിനാവിലെ പഴഫലം
പറക, മനഃഖഗ, നീ ഭുജിക്കുമോ?
ഉരുരസ മതുനോക്കി യേതിൽ നീ
മരുവിയ താക്കനി വീണുപോയിതേ!” 44

ഇതിപലവിധമോർത്തുഴന്നു തൻ-
മതി, യവ ളന്നുരു പീഡ തേടിനാൾ,
എതിരിടുമഴൽ താങ്ങുമാരു,മാ-
ക്കതിരുജ്ജ ഭാവിഭയങ്ങൾ നൽകിടാ? 45

ഇളകിലു മിതുപോലവൾക്കുടൻ
ഗളിത ഭയം മദനോന്മുഖം മനം,
കളതഝടിതി പറിച്ചു ഖിന്നമാം
മുളയതുപോലെ മുതിന്നു പൊങ്ങുവാൻ. 46

വിനയ വിഹിത ദുഃഖ വൈവശ്യ യീ
യനുകനു മാനസപത്നിമുന്നമേ,
പുനരവരി ലനിന്ദ്യ മംഗനാ-
ജനമതിനനു പുനർവ്വിവാഹവും. 47

വിശസനമതിൽ വാടി വാണിടും-
ശ്വശുരരെ വിട്ടവൾ വല്ല വാറുമേ,
മദനനരികിൽ വാണു രമ്യമാ-
'മുദയപുരി'ക്കു മടങ്ങിയാത്രയായ്. 48

പരിജനമൊടുതണ്ടിലേറി വൻ-
പെരുവഴി തള്ളി യഥേദ മുൽസുക,
ഒരുവഴിയെ യൊഴുക്കു കാററുമായ്
തിരയൊടു പോം ചെറു തോണിപോലിവൾ. 49

പരിസര മതിലെത്തി ലക്ഷ്യമായ്
ചിര വിധുരം പിതൃസൗധമെങ്കിലും
ഉഴറിയുടനവൾക്കു തൃഷ്ണയാൽ
മിഴി മദനാകൃതി മുമ്പു കാണുവാൻ. 50

പുനരുരുതര മാർന്നടുക്കമ-
ഗ്ഗുണവതി ശൈശവഭാവ നീതയായ്
ജനകജനനിമാരെ യോർത്തു കാൽ-
ക്ഷണമിടരാർന്നിതു കുട്ടിപോലവൾ. 51

## ഒന്നാംസർഗ്ഗം

“ചിരവിരഹിതരെന്നെ യിന്നു ഹാ!
വിരവൊടു കണ്ടിട്ടു മച്ഛനമ്മമാർ,
ചൊരിയുമുടനെ യശ്രു ഹൃഷ്ടരായ്
ചരിത മറിഞ്ഞഥ ഖിന്നരായുമേ! 52

ബത! ബഹുതര ഭാഗ്യ മഗ്നയാം
സുത, ഹത ദൈവ, യിവണ്ണ മായിതെ!
ഹിത ജനക, ഭവാനെ ഹേതുവായ്
സ്ഥിതിയിതിനോർപ്പുള്ള, മോർത്തു മില്ലിവൾ. 53

തരുണിയുടെ ബലം വിശുദ്ധി, വേ-
റൊരുപൊരുളല്ലബലയ്ക്കുതേ ബലം,
പരമതിനിഹ ഭംഗ മേകുവാൻ
കരുതിയൊരെൻ വിധി യെത്ര ഘോരനാം! 54

പ്രഭുതയിതഥവാ നിനക്കുതാ,
നഭിജന സങ്കട ദേശചന്ദ്രമേ,
അഭയമണച്ചു നിന്നെ ഹാ! ജനം,
പ്രഭവമനർത്ഥ പരമ്പരയ്ക്കു നീ! 55

അകതളിരെയറുപ്പു ഹന്ത! ധീ-
വികലതയേകി വലപ്പു വെത്ര താൻ,
അകരുണ മനവദ്യ ലോകരെ-
പ്പുകയൊട്ടു കൊൽവു പിശാചവൃത്തി നീ!" 56

പലതിതി ഭയ ശോക രാഗ സം-
കുലമുഴറി ക്കമനിക്കു തൽക്ഷണം
ചലഹൃദയ മിയന്നു ചിത്രമാം
ജലധരകാല ദിനാന്ത ലക്ഷണം. 57

അഥ ശിബികയിറക്കി വാതിലിൽ,
ദ്രുതമവൾ നോക്കി ഗൃഹം ഗതോത്സവം
വ്യഥതടവി-യകത്തു നിന്നുടൻ
ദ്രുതകരണത്തു—പിതാക്കളല്ലഹോ! 58

പരിജനമുരചെയ്തു തൽപിതാ
ധരണിവെടിഞ്ഞൊരു മാസമായതും
പെരുകുമഴൽ കെടാൻ ചിതാഗ്നിയാം
സരസിയിൽ മുങ്ങി ജനിത്രി പോയതും. 59

പരമിവളുഴലാന്ന് തോഴുവാ-
നരുതഥവാ ദൃഢരാഗബന്ധമേ,
പരഭയമതിൽനിന്നു ജീവിതം
കരയണയിക്കു മദൃശ്യ ബന്ധു നീ! 60

അവികലമഥ തന്നധീനമാ-
യവധി വെടിഞ്ഞ പിതൃസ്വമെങ്കിലും,
അവിടെ വിലമതിച്ചതൊന്നുതാ-
നവളതുതന്റെ സഖീ സമാഗമം. 61

ചിരവിരഹമകന്നു തോഴിയാൾ
പരമഥ മോദമിയന്നു വെങ്കിലും,
വിരവൊടു പറയേണ്ടി വന്നു ഹാ!
വിരസതരം മദനന്റെ വാർത്തതാൻ. 62

പ്രതിഹതികളകന്നഭീഷ്ടനാം
പതിയുടെ വേഴ്ചയി ലാശ തേടവേ
ചതുരയിവളൊഴിഞ്ഞു ചൊല്ലുവാൻ
മുതുരുവതാരതു 'ലീല' യോടഹോ! 63

അപഥമതിലവൻ നടന്നതി
ല്ല പരയെയോർത്തുമില്ല നാരിയായ്
അപകൃത നവളോടു വൈരമി
ല്ല പചയമാർന്നുമില്ല സൌഹൃദം 64

അരിയമകളെ വിട്ടു വർത്തകൻ
തിരിയെ നിജാലയമെത്തിയോരുനാൾ
ചരിത മവനറിഞ്ഞു പിന്നെയാ-
പ്പുരിയവനെജ്ജനത കണ്ടതില്ലപോൽ! 65

ചെറുത്തു വികല ബുദ്ധിപോലവൻ
തിരിയുവതന്നു സഖാക്കൾ കണ്ടുപോൽ
ഒരുകഥയു മതിന്നു ശേഷമി-
ങ്ങറിവതുമില്ലൊരു തുമ്പുമില്ലപോൽ 66

വിധുരതയോടു നീ തിരഞ്ഞൊരാ
നിധിയിത ഹാ! സതി, ശൂന്യ ഭാണ്ഡമായ്
ധൃതിതടവുക, യാർന്നിടാം ശുഭേ,
ച്യുതിയിഹ ചുണ്ടിലണഞ്ഞ പേയവും. 67

ഇടറി നവധിയെത്തുവാനഹോ
തുടരുകയായ് സ്ഥിരശീല പിന്നെയും
ഇടയിലിഹ മഹാനിപാതയാം
തടിനി കണക്കെ തകർന്ന ജീവിതം. 68

പ്രിയതമനിലഥ പ്രവൃദ്ധമായ്
പ്രിയതയവൾക്കകതാരി ലഞ്ജസാ
സ്വയമവ നിവൾമൂലമല്ലിഹാ
നിയതമകന്നു ജനാവ ലോകനം. 69

പ്രണയി, നിയത രാഗപാത്രമാം
പ്രണയിനിയാൾ, ക്കപരാധിയെങ്കിലും,
ഗുണനിധി യിവനോ ടവൾക്കെഴും-
ഗണന യതോർക്കിലെത്ര യേറണം? 70

അവിരള മഥ പെയ്തു കണ്ണുനീ-
രവൾ, കുലനായിക, പോക്കിനാളുകൾ;
അവിഹിതത മറച്ചു നിന്നു ഹാ!
യവനിക പോൽ പിതൃശോകസംഗതി. 71

പ്രഥിതരഥ യുവാക്കളെത്തിപോൽ
സ്ഥിതിയറിയാതെ മനം ഹരിക്കുവാൻ
വ്യഥിത, യുഡുഗണങ്ങൾ ചൂഴിലും
ഗത വിധുവാം നിശപോലെ, വാണിവൾ. 72

കൊതിയസുലഭ വസ്തുവിങ്കലായ്
മതികെട്ടുമാറിനി മാഴ്കു മെത്രനാൾ
വിദൂഷിയിവൾ-അഹോ! നിനയ്ക്കുകിൽ
ഹൃദയികളിങ്ങനെ തന്നെ ധന്യരാം. 73

വിലയെഴു മനുരാഗ മത്തലാൽ
തുലയുവതല്ല, മറിച്ചു, മേൽക്കുമേൽ
വിലസിട്ടു, മടിയേററ വെള്ളിപോ
ലുലയതിലൂതിയ പൊന്നുപോലെയും. 74

വാടിപ്പെൺകൊടി യനുവാസരം വലഞ്ഞാ-
ളേവം, തൽപ്രിയനെ വിദഗ്ദ്ധ യിഷ്ടതോഴി
തേടിപ്പോയ്, ശ്രുതിയുടെ ദൂരലീനമാകും
ഭാവത്തെ പ്രണിഹിതയായ ബുദ്ധിപോലേ. 75

## ഒന്നാം സർഗ്ഗം

ഒരാണ്ടവൾ തിരഞ്ഞു കണ്ടൊട്ടുവി
ലേകയായ് രാത്രിയിൽ
സ്ഥിരാശ്രുത യൊരാബ്ദികീ സ്മൃതിസ്ഥി
പോലെ പോന്നെത്തിനാൾ;
ചിരാർദ്രിത ശയിച്ചു ചന്ദ്രികയി
ലോക്കവിൻ‘ലീല’-യാ-
വരാംഗിയൊടണഞ്ഞു വാങ്മധു
പൊഴിഞ്ഞതിത്തോഴി താൻ. 76

ഒന്നാം സർഗ്ഗം കഴിഞ്ഞു.

---

# രണ്ടാം സൎഗ്ഗം.

മൊഴികേ ട്ടിമവെട്ടിവീൎത്തുടൻ
മിഴിചാ ച്ചുമ്പൊടുനോക്കി തോഴിയെ,
അഴൽ നീക്കു മുഷസ്സു യാൎത്തിയാ-
ലുഴലും പത്മിനിപോലെ, സുന്ദരീ. 1

സമഭിജ്ഞത കലൎന്നു വിസ്മൃത-
ക്ലമ, കൈത്താരുകൾ പൊക്കി യോമലാൾ,
സമസൌഹൃദ താങ്ങി യംഗമു-
ന്നമനോൽക്കം തഴുകീടിനാൾ സഖീ. 2

നിമിഷം സ്ഥിതിനോക്കി നിന്നു,സം-
ക്രമിത സ്നേഹ, മൊഴുക്കലശ്രുയാൽ
കമലങ്ങൾ കണക്കെ തങ്ങളിൽ
കമനീയാസ്യ കളാഞ്ഞു പുൽകിനാർ 3

"പ്രിയ നെഞ്ചു സഖി? യനാമയ-
ക്ഷയമില്ലല്ലി യവന്നു? ചൊല്ലുനീ,
പ്രിയ വാദിനി, നിന്നൊടാ ചിര-
പ്രിയതൻ പോന്നു വരാഞ്ഞതെ ന്തവൻ?" 4

പ്രണയാതുര യേവ മന്ഥരാ
തുണയാം തോഴിയെ നോക്കിയോതിനാൾ;
ക്ഷണ മാസുകുമാരിമേലെഴും-
മണലിൻ പാട്ട തലോടി നിന്നിവൾ. 5

"പറകെൻ പ്രിയതോഴി," യെന്നഹോ!
മുറയായാ ളുട നല്ലഭാഷിണി,
"പറയാം സഖി,"യെന്നുരച്ചു പുൽ-
ത്തറയിൽത്താങ്ങിയിരുത്തി മാധവി.

ഉരചെയ്തു:-"പൊറുക്ക, സംഭവം
വരുമെൻ തോഴി യതാതുതൻ വഴി,-
പരിണാമി മനുഷ്യ ജീവിതം
സ്ഥിരമാം സ്നേഹ മനാഥ മൂഴിയിൽ. 7

അറികില്ലനുരാഗ മേറയാ-
ളറിവോർ തെററിട്ട മൊക്കെയൊക്കുകിൽ
നിറവേറുകയില്ല കാമിതം
കുറയും ഹാ! സഖി, ഭാഗ്യശാലികൾ. 8

പ്രിയതോഴി, യിതോർത്തു മിന്നുനിൻ-
പ്രിയനാ സ്വസ്ഥ നത്തോർത്തു മൊക്കെ നാം
ഭയമെന്നു നിനയ്ക്കു ഭാവി, നി-
ർഭയമെന്നാ ലതു ഭാഗ്യമെന്നുമേ.” 9

സഖിചൊൽവതിനുള്ളി ലാപ്രിയോ-
ന്മുഖി ചോദി ച്ചിതു പാരമാർത്തിയാൽ:
“അയി തോഴി യസൗഖ്യമെന്തഹോ!
ദയിത ന്നെന്തു തടസ്ഥയായി നീ? 10

നരനേതു വിപത്തു താൻ വരി-
ല്ലുരചെയ്തീടുക യജ്ഞയല്ല ഞാൻ,
പര മാമുഖമൊന്നു കാണുവാൻ
ത്വരയുള്ളിൽ—തരമാകുമോ സഖി?” 11

ഇതുകേട്ടനുകമ്പയേറി നി-
ഷ്ഠുതുകം വാർത്ത തുടർന്നു തോഴിയാൾ,
സ്ഥിതിയോർത്തു വിഡംബനാർത്ഥമായ്
കൃതി കൈക്കൊൾവു ചിലപ്പൊഴേവരും. 12

“മരുഭൂക്കളിനൊക്കെയപ്പുറ-
ത്തുരു ദൂര ത്തുപദക്ഷിണാപഥം
ഉരസ്പൃശന്നഭസ്സു ‘വിന്ധ്യ’നാം
പൃഥുമേഘാംബര ഡംബരൻ ഗിരി. 13

പരിണാഹ മെഴും മഹാവനം
ഹരിതാഭം തടവുന്നു സാനുമാൻ
പരപാർശ്വ മതിൽ ചരിപ്പുസ-
സ്വര ‘രേവാ’ നദി സാഗരോന്മുഖി. 14

അവിളംബമണഞ്ഞു കണ്ടു ഞാ-
നവിടെ സ്സോദരി, നിൻെറ കാന്തനെ;
അവനെന്നറിയില്ല, ദുഃസ്ഥനാ-
ണവനത്തിന്നു വനത്തിലില്ലൊരാൾ. 15

തനിയേ യഴൽ പൂണ്ടു-തോന്നീടും
കനിവാക്കം-കൃശ ഗാത്രനായവൻ
വനവഹ്നി തകത്ത ശൈലമൊ,-
ത്തനവദ്യാകൃതി യസ്ഥിശേഷനായ്. 16

മൃഗ പക്ഷികളോടു ചേൎന്നടൻ
ഭൃഗുവിൽ പ്രേതസമം നടന്നിടും
അകലത്തിലു മാളുകാൺകി ലാ
വികലാത്മാ വിടുമപ്പൊഴ സ്ഥലം. 17

അതുകൊണ്ടു ഫല പ്രയാസയാ-
യതുലസ്നേഹ നിധേ, മടങ്ങിനേൻ;
കൃതകൃത്യതയെ [illegible]സാഫല്യമാം —
കൃതിയിൽ-കേട്ടില്ല പിന്നെ വാൎത്ത ഞാൻ. 18

പല ജന്തു പരീതനാമവൻ-
നിലകണ്ടാൎത്തതയാൽ സനാഥകൾ,
മല വേട്ട വെടിഞ്ഞു ദൂരവേ
വിലപിച്ചൂ സഖി, വേടനാരിമാർ. 19

അവരോതിയശേഷ മോമലെ,
വിവരം, കാനന ചക്കണ സ്ഥലകൾ,
പുര വാസികൾ തന്നനാർജ്ജവം
തിരിയാത്തോ രതി ശുദ്ധ ശീലകൾ. 20

ഇവർ കണ്ടൊരു രണ്ടു കൊല്ലമാം;
സവിധത്തിൽ സഖി, യന്നു സുന്ദരൻ,
അവശൻ ബത! 'ലീല' 'ലീല'യെ-
ന്നവിടെപ്പാടി നടന്നു പോലിവൻ. 21

ഇതു കേട്ടുകതാർ ഞെടുങ്ങി യുൽ-
സ്രുതമായശ്രു കവിൾത്തടങ്ങളിൽ
വിതതേക്ഷണയാൾക്കു; വിസ്ഫുരി
ച്ചതു, കണ്ടോൾ സഖി വെണ്ണിലാവതിൽ 22

ഇടറുന്നിതു കണ്ഠമസ്സഖി,-
ക്കട നാശിക്ഷിത ചിത്ത മാരഹോ!
തുടരുന്നിതു ചൊൽക, കേൾക്കയും
സ്ഫുടമന്യോന്യ മറിഞ്ഞു മാത്തികൾ. 23

‘പ്രിയ വല്ലഭയെപ്പിരിഞ്ഞു, ഹാ!
ദയനീയൻ തിരിയുന്നു’ വെന്നുതാൻ
നിയതം കരുതീ കിരാതിമാർ;-
സ്വയമോരും സഖി, സത്ത്വമാരുമേ. 24

പലരീ കഥ മൂളുവോൾ, കൃതി,-
ച്ചലിവോടും, സ്ഥിരരാഗ ലോലകൾ,
മലയത്തിക; —ളേതുജ്ജാതിയും
കലരും പ്രാകൃത ചിന്തയൊന്നുതാൻ. 25

പരമത്ഭുതമെന്തു നിൻപ്രിയൻ
ചരലോകത്തെ വശീകരിക്കുകിൽ
ഒരു യോഗി യിവണ്ണ മമ്പെഴാ,
നരരോടും സഖി, ദേവരോടുമേ. 26

അനുരാഗമതാ ണവങ്കലാ,-
ന്നവശം വിട്ടു നിസർഗ്ഗ ചേഷ്ടകൾ,
വന സത്വ കുലങ്ങൾ ചൂഴ്‌വതി-
ന്നിവനെ,പ്പൂവിനെ മക്ഷികാളിപോൽ. 27

അഥവാ-മൃത കല്പനിപ്പൊഴാ
പ്രഥമാന പ്രണയാർത്ത; നോക്കുകിൽ
കഥയും, സുകുമാരി, പിന്നെ, നിൻ
വ്യഥയും നീട്ടുവതെന്തിനിന്നു ഞാൻ? 28

സ്ഥിരമാത്മനിബന്ധനം സുഖം;
പരതന്ത്രം സുഖമൊക്കെ ദുഃഖമാം
പരമാർത്ഥമുരപ്പു തോഴി, ഞാൻ;—
കരുതീടൊല്ല കഠോരയെന്നു നീ. 29

നിലനിൽക്കുവതെത്ര കാല മു-
ജ്ജ്വലമാ മിപ്രണയോഷ്ണ രശ്മിയിൽ
വിലയോന്മുഖമായ തിങ്കളിൻ
കലപോൽ ഹാ! സഖി, തേഞ്ഞു തേഞ്ഞവൻ. 30

കൃശമാക്കൊല കേണു ജീവിതം;
കുശലേ, നിൻ കുശലം നിനയ്ക്കു നീ;
ശിശിരാർദ്ദിതമാം ദലം സഖി,
ഭൃശമീത്തെന്നലിൽ വീണടിഞ്ഞുപോം. 31

കഥയിങ്ങനെ, പിന്നെ യുത്തമം
വിധുരേ, നീയതു വിസ്മരിക്കയാം;
അഥവാ—ചില കാലമാസ്ഥയാൽ
മധുര സ്വപ്നസമം സ്മരിക്കയാം. 32

അനപത്യമതാം കുലത്തിനും,
മനമെത്താത്ത മഹാധനത്തിനും
കനിയും സ്വജനത്തിനും സഖീ,-
യിനിയീങ്ങോർക്കണ, മേക നാഥ നീ. 33

അതു നില്ക്കുക, ഭാഗ്യവാ നവ-
നിതുതാനെന്തൊരു ചാരിതാർത്ഥ്യമാം:
അതിലോക മനോഹരാംഗി, നിൻ-
മതി തൽപ്രേമ വിധേയമായിതേ! 34

നിരുപിക്കുക, നീ വരിച്ചൊരാ-
പ്പുരുഷൻ വൈകൃത മേലി ലെന്തതിൽ?
അരുളും ഭ്രമ മൊന്നു കാൺകിൽ നിൻ-
തിരുമൈ സുന്ദരി, നാരിമാർക്കുമേ. 35

അതിനാൽ സഖി" എന്നു ചൊല്ലവേ
ശ്രുതി രണ്ടും ബത! പൊത്തിയാതുര,
"മതി, കാന്ത ഗുണാപമാനിനീ,
മതി"യെന്നാശു തടുത്തിതോതിനാൾ:— 36

"അയി, ചാരുതരാന്തരംഗ, നെൻ-
ദയിതൻ, ദേവസമൻ, മഹാമതി,
സ്വയമോർപ്പവനല്ല തോഴി, മൺ-
മയ മീ ഭംഗുര ഭംഗിയാം മുടൽ. 37

രതി നിത്യ മൊരാൾക്കൊരാളിലായ്
സ്ഥിതിചെയ്കിൽ സഖി, പെണ്ണിനാണിനും
അതിലും വലുതില്ലഹോ! വ്രതം;-
ധൃതിമാ, നെന്തൊരു ധന്യ, നെൻ പ്രിയൻ! 38

അവനെ പ്രണയൈക വൃത്തിയാൽ
കവളിപ്പിച്ചു നൃശംസ ഞാൻ സഖീ,
നവരാഗി ഗണിച്ചതില്ലിവൻ
ഭവനാവസ്ഥയു, മെൻെറ ശോഭയും. 39

അഥവാ പറയേണ്ട; യൊട്ടുതൽ—
കഥ ഞാൻ; തോഴി, യനാദരോക്തികൾ
വ്യഥ മാററുകയില്ല; വേണ്ട; യു-
ന്മഥനം ചെയ്യുമതേറെ യെന്മനം. 40

അയി, പിന്നെ വിപന്നനായ മൽ--
പ്രിയനിൽ സ്നേഹ മെഴാത്തനിൻ പ്രിയം,
നയമോക്ക—യെനിക്കു നൽകണം
സ്വയമേററം രുജ, പക്ഷ പാതിനീ! 41

ഉരചെയ്ക, നവന്നധീന,മെൻ-
സ്ഥിരമാം ചേതന;—യുക്തിയാൽ സഖീ,
കരുതായ്ക കരസ്ഥമാക്കുവാ-
നെരിയും ജ്വാലയെ, യിന്ധനം വിനാ. 42

ഒരു കില്ലിനി വേണ്ട, ദൂരവും
നിരുപിക്കേണ്ട, നയിക്ക യെന്നെ നീ
വിരവിൽ സഖി, ജീവിതേശ്വരൻ
മരുവുന്നേതൊരു ദിക്കിലെങ്കിലും" 43

ഇവ കേട്ടു കുഴങ്ങി, തോഴി തൻ-
വ്യവസായം ദൃഢമോർത്തു കണ്ടുമേ
സഖിയാൾ, നിജ കൃത്യ ബോധമാം
ശിഖി ധൂമാകുല മാകയാലവൾ. 44

"ഇത വെള്ളിയുദിച്ചു; വാടിയിൽ
ബത! കൂവാൻ തുനിയുന്നു പക്ഷികൾ;
സ്ഥിതി രാവിനു മാറിടുന്ന മു-
മ്പതിദൂരം സഖി, പോക പോക നാം" 45

ഇതി പിന്നെയു മിദ്ധരാഗയാ-
ളധികോൽ കണ്ഠമഹോ! ത്വരിക്കവെ,
മതിശാലിനി വാച്യ ഭീതിയാൽ
ക്രുധയാന്നി, ങ്ങിനെയോതിനാൾ സഖി:— 46

"മുറ മുഗ്ദ്ധമതേ, മറന്നു നീ
പുറമേ സ്വൈരിണിപോൽ ചരിക്കയോ?
പറ,കെങ്ങിനെ സമ്മതിപ്പു ഞാൻ
വെറുമുന്മാദികൾതന്റെ യിത്തൊഴിൽ? 47

അതുപോട്ടെ, സുദീർഘയാത്രയാ,-
ണതുമല്ലോർക്ക, സുഖാസനോചിതേ,
അതി ഭീകരമെങ്ങു വിന്ധ്യപ-
ദ്ധതി? നാമെങ്ങസഹായ നാരിമാർ? 48

ഇവ യൊക്കെയുമാട്ടെ,-തോഴിയ-
ങ്ങെവിടെക്കാണവതപ്പുമാണോ നീ?
അവനെ ത്തിരവോർ തിരഞ്ഞുപോം,
പവനൻ തന്നെ വനാന്തരങ്ങളിൽ 49

പര മിന്നതു, മല്ലി തോർക്ക നി-
വരനില്ലാത്ത വിവാഹഘോഷമാം;
സ്ഥിരമല്ലസുഖബന്ധമോർക്ക, മാ-
നരകങ്കാള, മതേല്ലു മെത്രനാൾ? 50

അതി വത്സല ഞാൻ;-പരം സദാ
മധുരിക്കാ സഖി, സത്യ ഭാഷിതം;
ബുധരപ്രിയ സത്യമോതുകി,-
ല്ലതു കേൾ നീതി;—യിതോർക്ക സൌഹൃദം. 51

വിധി വിശ്വ സുഖം സ്വദിക്കുവാൻ
മതിയും, മർത്ത്യനു നല്കി രാഗവും;
രതിയാലസമീക്ഷ്യ കാരിയാം
സുധി, ധാതാവെ യനാദരിക്കയാം. 52

സ്ഥിതിയോർത്തു കഥിപ്പു നമ്മ ഞാ-
നതിമോഹാകുല മിന്നു നിന്മനം,
അതിനാൽ വിരമിക്ക; പോകുകിൽ
ക്ഷതിയുണ്ടാം, സഖി, മാനഹാനിയാം. 53

പര,മിമ്മൊഴി പീഡ നൽകി,യ-
ക്കരുണാർഹയ്ക്കു കുലായമെത്തുവാൻ,
ചിറകാശു വിതിർത്തുയർന്നിടും
ചെറുപക്ഷികൾ, ചുഴന്ന കാറ്റുപോൽ. 54

പുനരെങ്കിലുമൂഢ ശക്തിയാം
മനതാർ വിങ്ങിയുടൻ വിടർന്നപോൽ,
അനവദ്യഗുണാഢ്യ തുവിയീ
ഘന സൌരഭ്യമിയന്ന വാണികൾ:— 55

വിഹിതാ വിഹിതങ്ങ, ളോൎത്തയെ
മഹിതം സ്നേഹമഹോ! മറക്കൊലാ;
ഇഹ ധൎമ്മ രഹസ്യ മന്തരാ-
നിഹിതം, നിത്യവിഭിന്നമാം നയം. 56

അറിയും ജനനീതി സീമയെ-
ത്തിറമായ് കാക്കുമഹൎണ്ണ രാഗികൾ;
നിറയും രതി, ലോക സംഗ്രഹം
കുറിയാക്കാ, സഖി, കുസലാൎന്നിടാ. 57

സുപരീക്ഷിത മിപ്പൊഴെന്മന-
സ്സപശങ്കം സഖി,മുമ്പിതേലുകിൽ,
ത്രപ വിട്ടിവൾ ചെയ്യുമായിരു-
ന്നപരോക്ഷം പ്രിയഹസ്ത പീഡനം. 58

ഉടലോൎക്കുക ബാഹ്യ, മായതിൽ
തടവും ലോക മതീവ ബാഹ്യമാം;
സ്ഫുട സൌഹൃദ മാന്തരാത്മികം
വെടിയുന്നെങ്ങനെ തോഴി! ദേഹികൾ? 59

അലമിന്നതി ഭീതി;യെന്മന-
സ്സുലയാ; ഞാനിവയൊന്നുമോർത്തീടാ
കുലനീതിയെ, മാംസ കഞ്ചുകം
വിലവയ്ക്കാത്തവർ പേടിയാ സഖി. 60

മരണം ഭയ സീമ,യെന്നയേ,
കരുതും ജീവികളിങ്ങനാരതം;
വിരഹാർത്തിയിവർക്കഹോ! ഭയ-
ങ്കരമായ് തീൻ്റ ധരിക്ക ജീവിതം 61

പുനരെന്തുരചെയ്വൂ? പോക നാം;
നിനയായ്കത്തിൽ; നടക്ക നാം ദ്രുതം;
മനതാരരുളുന്നു: കാന്തനാ
വനഭാഗം സഖി, വിട്ടുപോയിടാ. 62

പരമെൻമിഴി കാൺമൂ, വെന്നെയോ-
ത്തെരിയും നെഞ്ചൊട്ടു കൺവീടുന്നു കോടം,
മരുഭൂവെയിലിൽ ജലാർത്തിയായ്
തിരയുംമാനോട്ടു തുല്യമെൻപ്രിയൻ. 63

വരുവേൻ പ്രിയ, കേണിടായ്ക, യെൻ-
കരൾ നിൻ കൈയിൽ, വപുസ്സു മെത്തുവാൻ
പുറകേ തരയാന്നു പക്ഷിപോൽ
ചിറകില്ലാഞ്ഞതിലീർഷ്യ വയ്യു ഞാൻ. 64

സ്ഫുടമെൻ സഖി, ചൊൽവ, നെൻപ്രിയൻ
വെടികില്ലെന്നെ വെടിഞ്ഞു ജീവിതം;
തടസീമയിൽ വിട്ടു രശ്മിയെ-
ക്കടലിൽ പോയ് രവി മുങ്ങിടാ സഖി! 65

സ്ഥിരചേതനകൾക്കഹോ! പര-
സ്പരമേലും സമവായ വൈഭവം
പരമിങ്ങറികില്ല; പണ്ഡിതേ,
കരുതായ്കായതു മോഹമെന്നു നീ. 66

ഇരവാശു കഴിഞ്ഞിടുന്നിതാ!
വിരഹോൽകണ്ഠ പൊറാഞ്ഞു പാപിയിൽ
തിരിയെ പ്രിയയെ ത്തലോടുവാൻ
കരയുന്നു സഖി, കോകനായകൻ!

സകരുണമിതു ചൊല്ലി സ്സഹ്യ-
മല്ലാഞ്ഞു താപം
പികമൊഴിയഴുതപ്പോൾ തോഴി
കണ്ണീർ പൊഴിഞ്ഞാൾ;
അകലെയുമനുകമ്പാ ശാലികൾ
ക്കന്യ ദുഃഖം
പകരുമിഹ സമക്ഷം പിന്നെ
യോതേണ്ടതുണ്ടോ? 68

താവപ്പോൾ വിരമിക്കിലും, സഖി പരീക്ഷി-
ച്ചെന്നാവണ്ണം സ്വയം
ഭാവം മാററി, യുടൻ പ്രസന്ന കുല ദൈ-
വമ്പോലെ യമ്പാർന്നവൾ,
പോവാൻ ഭൃത്യരുമായ് തുനിഞ്ഞു വെളിവായ്,
ലീലയ്ക്കു വിന്ധ്യേശ്വരീ-
സേവാബദ്ധകുതൂഹലം ഹൃദയമെന്ന-
ങ്ങാരുമോരുംവിധം. 69

പിന്നിട്ടേററം വഴി, പഥദിനം കൊണ്ട-
    ണഞ്ഞാ വനാന്തം
മുന്നിൽ കണ്ടി,ട്ടവരിരുവരും പോയി-
    തക്കാട്ടു നോക്കി,
പിന്നിൽ തള്ളി പ്പരിജനമത്തും,
    സ്വപ്നമാകും പ്രപഞ്ചം
തന്നിൽ ബാഹ്യേന്ദ്രിയ മകലെയായ്
    ചിത്ത സത്വങ്ങൾ പോലെ.

രണ്ടാം സർഗ്ഗം കഴിഞ്ഞു.

---

# മൂന്നാം സൎഗ്ഗം.

—:0:—

അഥ വന തട മാൎത്തിയാൎന്നുഴറിത്തീ,
യധരിത കിന്നര നാരിമാരലഞ്ഞാർ,
വ്യഥ മുകിലിലകന്ന കൂട്ടു തേടും
വിധുരവലാകകൾ പോലെ യങ്ങുമിങ്ങും, 1

കുസുമിത വന കാന്തി യാത്മ കാന്ത-
വ്യസനിനി ലീല വിചാരിയാതെ പോയാൾ;
അസുലഭ മണിതേടുവോർ ഗണിക്കി-
ല്ലസദൃശമാകര മാൎന്ന ധാതു ഭംഗി. 2

ഒരു വഴി തിരിയുമ്പൊ ഴോമലാൾക്ക-
ങ്ങുരു തര ചമ്പക ഗന്ധമോടുമുള്ളം
പരിചിലഥ ഹരിച്ചു, 'നൎമ്മദോൎമ്മീ-
പരിചയ ശൈത്യമിയന്ന മന്ദവായു. 3

## ലീല.

“സുഖദ മയി! വരുന്നിതെങ്ങു നിന്നോ
സഖി, യിത ചമ്പക ഗന്ധ, മെന്തു ചിത്രം!
മുഖരന്ധ്രമിതുമാററി മിന്നുകല്ലീ?
നിഖിലവനാവലി നിദ്ര വിട്ടപോലെ.

നലമൊടു തരുനായകാന്തികത്തിൽ
പലതിത! പക്ഷികൾ പാടിടുന്നു ഗീതം;
തളിരു മലരുമാർന്നു തെന്നലേററീ
ലളിത ലതാവലി ലാസ്യമാടിടുന്നു. 5

ഭിദുര, മഹഹ!! പൂർവ്വവിസ്മൃതിക്കീ
മൃദുതര വായു തരംഗ രംഗലോലം,
ഹൃത ഹൃദയ, മഹോ! വരുന്നു തോഴീ
ഹിതകര മീവഴി ഹേമ പുഷ്പഗന്ധം. 6

ഇവിടെ യിളയ തെന്നൽ തന്നിൽ മുങ്ങി-
ട്ടവികല നിർമ്മലരാക പോകുവാൻ നാം,
എവിടെ മണമിതുത്ഭവിപ്പുവങ്ങെ-
ന്നവിതഥ ജീവിത ദൈവതം വസിപ്പു. 7

വരുവിനിവിടെ യെന്നലിഞ്ഞു നമ്മെ-
ത്തെരുതെരെ യീയടവിക്കു തെക്കുമാറി,
ഉരുകിസലയ ചാരു ശാഖയാട്ടി-
ത്തരുനിര മാടി വിളിപ്പൂ കാൺക തോഴി.” 8

അരുളിയവളിവണ്ണ മാവഴിക്കായ്
ത്വരയൊടു മുമ്പു നടന്നു തെററിടാതെ,
കരുതിയ മുതൽ നോക്കുവാൻ വനത്തിൽ
പരിചിതയാ മുടമസ്ഥ പോന്ന പോലെ. 9

ഗിരികടകമണഞ്ഞു മഞ്ജു രേവാ-
പരിസരമാർന്നിവൾ കണ്ടു വിസ്മയിച്ചാൾ
ഉരുകുസുമ മുദാരശോഭ മാരാ-
ലൊരു വനഭാഗ മുഷസ്സുപോൽ മനോജ്ഞം. 10

ഉടനെ യുടൽ ഞടുങ്ങിയങ്ങു പൊൻ പൂ-
വിടപികൾ കണ്ടതിമോഹ ലോഹിതാംഗി
തടവി പുളകപാളിയംഗമെങ്ങും
സ്ഫുടമവൾ പൂക്കുമശോക ശാഖപോലെ. 11

തൊഴുതു കരമുയർത്തിയാ വനത്തെ-
പ്പൊഴിയുമനർഗ്ഗള ബാഷ്പ വൃഷ്ടിയോടും,
തഴുകി നിഴൽകണക്കെ മൂകയായ് തൻ-
വഴി തുടരും സഖിതന്നെ വിഹ്വലാംഗി. 12

തനുഭരമവൾ താങ്ങവേ വിലങ്ങു-
ന്നനല ശിഖോജ്ജ്വലമാകുമേകഹസ്തം
വനമതിലഥ ചൂണ്ടി നിന്നു വീണാ-
നിനദസമുദ്ഗതഗദ്ഗദം കഥിച്ചാൾ: — 13

"കുസുമ ശബള കാന്തിയാം നഭസ്സിൽ
പ്രസൃമരമാം സ്ഫുടചമ്പകാതപത്താൽ
അസമയ രമണീയ മത്ര കണ്ടോ?
സുസഖി! യുഷസ്സുഷമയ്ക്കു നിത്യഭാവം. 14

വിലസി വെയിലിലിങ്ങു ചിത്രവർണ്ണം,
ചലദനിലം പ്രതി ചാരു ചിത്രഗന്ധം,
പല വിസൃമര ചിത്രനാദ, മൊന്നാ-
മുലകു തരുന്നു കുതൂഹലം വിഭിന്നം. 15

## മൂന്നാം സൎഗ്ഗം.

ഗഗനതടമിടിഞ്ഞു താണതൊക്കും
നഗപതി നീലനിതംബ ഭൂവിലേവം
ഭഗിനി! പറകയെന്തി താന്നതിങ്ങീ-
യഗണിത ദിവ്യവിഭൂതി മൎത്ത്യലോകം. 16

അനഘനമരകല്പനെന്റെ നാഥൻ
വനമിതിൽ വാഴണമില്ല കില്ലു തോഴീ;
തനതു ഗതി തടഞ്ഞു നിന്നതോ,യെൻ
മനമിഹ, മന്ദുര കണ്ട വാജിപോലെ. 17

അയി സഖി! നവ ചമ്പകോത്സുകൻ മ-
ദ്ദയിതനഹേതുകമായി, ഹേതുവോൎത്തും;
സ്വയമവനുമെനിക്ക മാളി,യേതൽ-
പ്രിയകര മഞ്ജരി മഞ്ജുദൂതിയായി. 18

അനഘനവഹേമ മഞ്ജരീ, ഹാ!
മനതളിരിൽ പ്രിയരിങ്ങു രണ്ടുപേർ താൻ;
അനിതര സമ ഭൂതി, പൂവിൽ നീയും,
വനിതകളിൽ ബത! ഭാഗ്യഹീന ഞാനും. 19

വിധുത, യിളമരുത്തിനാൽ; മഹസ്സാ-
ലധരിത താരക താരിലോമലേ നീ;
മധുപമലിനർ തീണ്ടുകില്ല നിന്നെ,
വിധുരവനാവലി വല്ലീലമ്പടന്മാർ. 20

അഹഹ! രമണ, സാർത്ഥമിസ്സമത്തിൽ
സഹജരസം ഭവദീയ രാഗയോഗം;
മഹദഭിമത മിണ്ടു ശീലമോരാൻ
സഹചരരേക നിദർശനം മഹാത്മൻ;” 21

ഭ്രമമതിലഥ നോക്കി നിശ്വസിച്ചു-
സ്സുമരുചിയാർന്ന മനോജ്ഞ ഹസ്തതാരാൽ
സുമമലിവൊ ടിറുത്തു മുത്തി, മാറിൽ
കമനിയണച്ചഥ ചൂടി ചൂഡതന്നിൽ. 22

ക്ഷണമുടനെ നിനച്ചു നിന്നു സാദ്ധ്വീ-
മണി യഥ നിശ്ചയമാർന്നപോൽ നിവർന്നാൾ;
“പ്രണയി യിവിടെ യുണ്ടു തോഴി, പോന്നി-
ങ്ങണയു മലംകൃത യാക്കുകെന്നെ” യെന്നാൾ. 23

"അവഹിത മിതകേൾ! പ്രതിധ്വനിക്കു-
ന്നവിരത മാർത്തി നിബന്ധന സ്വനങ്ങൾ;
ഇവിടെ വഴികൾ ഹന്ത! വേർതിരിക്കാ-
മവരുടെ സംഗമഗന്ധ ബന്ധുരങ്ങൾ!! 24

വെടിയുക വിചികിത്സ വത്സലേ, നീ
പടിമ മദിന്ദ്രിയ മാർന്നിടുന്നു പാരം,
പൊടി ഝടിതി തുടച്ച ദർപ്പണം പോ-
ലടിതെളിവാർന്നൊരു വാപിതൻ ഹ്രദംപോൽ. 25

സ്വവശ സുലഭ ഭൂഷയാലണഞ്ഞെ-
ന്നവയവ പങ്ക്തി യലങ്കരിക്ക തോഴി,
സവിധമതിലണഞ്ഞു കാണണം കേ—
ളവികല ശോഭയോടെന്നെ യാത്മനാഥൻ." 26

ത്വരിതമിതരുൾ ചെയ്തു തോഴിയോടായ്
സ്ഫുരിതതനുപ്രഭ മോടി ബദ്ധവേഗം,
തരുണി തരുനികുഞ്ജ മൊന്നുപുക്കാൾ,
തരള തടില്ലത കന്ദരം കണക്കെ. 27

ഉടനെ മതമറിഞ്ഞൊരുക്കി നൽപ്പൂ-
മ്പൊടി പുതു പൂന്നിര നല്ല പല്ലവങ്ങൾ
ഝടിതി യിവയൊടൊത്തു തോഴി വള്ളി-
ക്കുടിലതിലെത്തി വസന്ത കാന്തിപോലെ. 28

അനുപദമണിയിച്ചു ജന്മരമ്യം
തനുതെളിവാൎന്നു വെളിക്കു നിൎഗ്ഗമിച്ചാൾ,
ഘനമനല പുടം വെടിഞ്ഞു കാളും
കനക ശലാക കണക്കെ കോമളാംഗി. 29

വിരളമണി സുമങ്ങൾ പൂണ്ടുമംഗം
പരിഹിത നീല നവാംബരാഭകൊണ്ടും,
പരിഗതസുമകാല തുല്യമാൎന്നാൾ
സ്ഫുരിതപരാഗമനോഹരം വരാംഗി. 30

അരികിലഥ വിചിത്ര വൎണ്ണമേലും
വിരി തടവീടുമൊരാനതൻ പുറംപോൽ
തരുമലർ നിരവീണ ഭംഗിതേടു-
ന്നൊരു ശിലമേൽ തനുഗാത്രി ചെന്നിരുന്നാൾ. 31

## മൂന്നാം സർഗ്ഗം

അവിട മറികയാലു മാളി ലീലാ-
വ്യവസിത സിദ്ധിയിലാശ വയ്ക്കയാലും
സവിധ മതിൽ മറഞ്ഞു വിശ്രമിച്ചാ-
ളവയവസാദ മസഹ്യ മാകയാലും. 32

മട്ടമലർ ശിലതന്നി ലന്തിമേഘ-
ക്കൊടുമുടി പററിയ താരപോൽ വിളങ്ങി.
തടമതിലഥ തന്വി നോക്കി, നോട്ടം
സ്ഫുടകിരണങ്ങൾ കണക്കെ നീട്ടി നീട്ടി. 33

പ്രിയമൊഴി വനദേവരോതിടുംപോൽ
സ്വയമഥ പൊങ്ങി കപോതഹൂതഘോഷം;
പ്രിയനുടെ കഥപോൽ പ്രവൃദ്ധരാഗം
കുയിലുകൾ പാടി കുഹൂ കഹൂ നിനാദം. 34

അളി പടലികൾ മൂളി; രന്ധ്രമേലും
മുളകൾ മരുത്തിലുലഞ്ഞു മെല്ലെയൂതി;
തളിർ നിര മൃദു താളമേകി; യേവം
കളകളമായതി മോഹനം വനത്തിൽ. 35

"വരിക ഹൃദയനാഥ, വൈകി കാണ്മാൻ,
തിരുവടി മൌലിയിൽ വയ്ക്കുവൻ മഹാത്മൻ;
തരിക ചിരവിയുക്ത ദർശനം, നീ
കരുണ വഹിക്കുക, ദാസി ഞാൻ ദയാലോ. 36

അരുതു ചെറുതുമെന്നിലപ്രിയം; ഞാ-
നൊരുപിഴ ചെയ്വതിനോർക്ക ശക്തയാകാ;
സ്ഥിരചരിത, മദീയ ജീവിതത്തിൽ
പരമഭിവാഞ്ഛയിനിക്കു നിന്നിലല്ലോ. 37

തരുമനുമതി താത,നിങ്ങുകാലം
വരുമതിനെന്നിവൾ നാഥ, കാത്തിരുന്നേൻ;
ഗുരുജന ഭയപഞ്ജരസ്ഥ കഷ്ടം!
പരവശ പൈങ്കിളിപോലെ ദത്തയായേൻ. 38

അതുവരെ യഭിമാനമാർന്നു ഹാ! ഞാ-
നതുല, ഭവാനൊടു തുല്യശീലയെന്നായ്";
അഥ കരുതിയമൂല്യരത്നമേ, നീ
ശ്ലഥമതി നിൻ ദയനീയ ഭൃത്യയെന്നായ്. 39

കരുതുവതിഹ ചെയ്യുവയ്യ; ചെയ്വാൻ
വരുതി ലഭിച്ചതിൽ നിന്നിടാ വിചാരം;
പരമഹിത മറിഞ്ഞുകൂട; യായു-
സ്ഥിരതയുമി,— ല്ലതി നിന്ദ്യമീ നരത്വം! 40

പരവശയിവളപ്രശസ്തയാം നാൾ
വിരസത ചേർത്തതിൽ വയ്യൊലാ വിരോധം;
വരിക, യനുഭവിക്ക, കയ്പു പോയി
പ്പരിണതമാം ഫലമിപ്പൊഴോമനേ, നീ. 41

ചിരതരമയി നാഥ, നിന്നിൽ വാണെൻ-
കരളുമിയന്നു ഗുണോൽക്കരം സ്ഥിരാത്മൻ;
കരുതുക, യതുമൂലമെന്നെയോർത്തീ-
ലൊരു നിമിഷാർദ്ധവുമന്യനുള്ളതായ് ഞാൻ. 42

മതിഭയ മാധവാ — മദുൽസുകൻ നീ;
യതിവിമലാശയ, നന്യഥാ ധരിക്കാ;
ധൃതിയിലിരുളെഴില്ല, രാഗഭൂവാം
മതിയിൽ മലീമസ ശങ്കയങ്കുരിക്കാ. 43

കുയിലിണയിലലിഞ്ഞു പാടിടുന്നു;
മയിലിതതൻ പിടയോടു മാടിടുന്നു;
പ്രിയയെ യനുനയിച്ചിടുന്നു സിംഹം;
പ്രിയതമ, നീ യണയാഞ്ഞു ഞാൻ വലഞ്ഞു. 45

ശരി, നയന പഥത്തിൽ നിന്നിടുന്നു-
ണ്ടൊരു നിമിഷം പിരിയാതെയെൻപ്രിയൻ! നീ,
പര, മതു നിഴൽപ്പോലെയിന്ദ്രിയങ്ങൾ-
ക്കരുതിദ ദർശനമായി,-ഞാൻ വലഞ്ഞു. 46

അവ ഭയ മഴലേറിയോമനേ! പോ
ന്നിവിട മണഞ്ഞിവൾ നിൻെറ മേനി കാണ്മാൻ;
അവശതപെരുകുന്നു, നിന്നെ നീയി-
ന്നെവിടെ മറച്ചു? നാഥ, ഞാൻ വലഞ്ഞു. 47

പ്രണയ ശിഖിയിൽ വെന്തിടുന്നിതാത്മാ;
വീണയുക, തെന്നലണഞ്ഞു ചമ്പകത്തിൽ;
ല്ലണതടവുക, യെൻെറ യോമനേ, പോ-
ന്നണയുക, നിൻ പ്രിയ, 'ലീല' ഞാൻ വലഞ്ഞു." 48

കരുണ കരുണ മീവിധം പുലമ്പി-
ക്കരുമനയാലവൾ മൂർച്ഛയാർന്നിരുന്നാൾ,
വിരതപവന വാപിപോലെ, വണ്ടിൻ-
വിരുതമടങ്ങിയ ഗ്രീഷ്മ മെന്നപോലെ. 48

പ്രണയ നിഭൃതചിത്ത മങ്ങനങ്ങാ-
തിണകളെ നോക്കി മൃഗങ്ങളൊക്കെ നിന്നു;
ഗണമൊടു പതഗങ്ങൾ പാതിപാടി
ക്ഷണമറിയാതെയിരുന്നു ശാഖിതോറും. 49

ചടുല ലതകളാടിടാതെ ചാഞ്ഞാ
വിടപികൾ മേലനു മൂർച്ഛയാർന്നു നിന്നു
അടവിയധിക മൗനമാർന്നു, മേളം
ഝടിതി നിറുത്തിയ രംഗ ഭൂമിപോലെ. 50

നിയത ചരമയാന, നല്പൊഴ്ഴോജ്ജഃ-
ക്ഷയ ദയനീയ നഭസ്ഥരൻ തലോടി,
സ്വയമുപചിത രാഗമാം കരത്താൽ
പ്രിയമൊടു ഭൂമിയെ മന്ദ മടങ്ങു മിങ്ങും. 51

ഹൃദയ ഹരണ മാവിലാപഗീതം
സദയത ചേർത്തിതു ചേതനത്തിനെല്ലാം;
മദനനിവിടെ യെത്തുകില്ലയോ? തൻ
ഗദവു മവസ്ഥയു മോർത്തിടാതെതന്നെ. 52

ഉരഗ നിരകൾ ധൂർത്ത വംശരാഗം
തിരയു;മലിഞ്ഞു വിഡംബഗാഥ കേട്ടും
സുരരണയു;-മലം,-ഫലാപ്തമാണീ
സരള മനോഹരമായ സത്യഗാനം. 53

“അഴൽ മതി, വനമദ്ധ്യദീപികേ! നിൻ
നിഴലയി, നോക്കുക, പിന്നിലോമലേ! നീ”
വഴിയെയിതി വിദഗ്ദ്ധതോഴിയോതും
മൊഴിയവളംബര വാണിപോലെ കേട്ടു. 54

ത്വരിത മുദിത ബോധയായ്, തിരിഞ്ഞ-
ങ്ങരികിലഹോ! സതി രൂപമൊന്നു കണ്ടാൾ;
പരവശത പിണഞ്ഞൊരംഗമോടും
വിരവിലതിന്നടികൂപ്പിനാളെ ണീറ്റാൾ. 55

പാകിൽ വികൃതരൂപമായതിൽ താൻ
നിറയുമൊരൻപൊടു ലീല കൈകൾ നീട്ടി,
വിറയൊടുമിണ മുമ്പു വിസ്ഫുടാശം
ചിറകുവിതിർത്ത കപോതിപോലണഞ്ഞാൾ. 56

അവനുമവശനെങ്കിലും, സ്വബോധം
വ്യവഹിതമെങ്കിലു മാഞ്ഞുനോക്കിനിന്നാൻ
അവളെ, യതിവിരൂപനസ്ഥിശേഷൻ;
ധ്രുവ,മിഹമാംസ നിബദ്ധമല്ല രാഗം. 57

അവയവമിതരേതരം തലോടാ-
നവനവളൊത്തു തുനിഞ്ഞു ലാക്കുതെററി,
സ്വവദന മെതിരിട്ടു ദർപ്പണത്തിൻ
സവിധമണഞ്ഞൊരു കുട്ടിപോൽ കുഴങ്ങി. 58

ദയയൊടവൾ തലോടിയുമ്മവച്ചാൾ
ദയിതനെ രാഗമിരുന്ന ഹൃത്തടത്തിൽ;
നിയതമഴൽ ചുടുന്ന നെററി മേലും
പ്രിയതമ,പൈതലെയമ്മയെന്നപോലെ 59

ഉടലവനിലണച്ചു ശുഷ്കമാകും
വിടപിയിൽ മോഹന വല്ലിപോലെ നിന്നാൾ;
തടവി വിവശ മംഗ മോമനേ, യെ-
ന്നിടറി വിളിച്ചവൾ കണ്ണുനീർ ചൊരിഞ്ഞാൾ. 60

മദജനക മഭീഷ്ടരൂപവും തൽ-
കദനവിമർദ്ദനമംഗസംഗവും ഹാ!
സദയ മധുര വാക്ക മുള്ളിലാഴും
മദനനു മോഹമകന്നപോലെ തോന്നി. 61

പ്രിയത കരകവിഞ്ഞു പാർത്തുവീണ്ടും
പ്രിയയുടെ മോഹന മോഹനം മുഖാബ്ജം;
സ്വയമലിവൊട്ടു മൊന്നവൻ മുകർന്നാൻ;
ഭയമുളവായതുപോലെ ഹാ! വെടിഞ്ഞാൻ. 62

(യുഗ്മകം)

ക്ഷണമവൾ സുഖമീലിതാക്ഷിയായ-
പ്രണയി മറഞ്ഞതറിഞ്ഞിടാതെ നിന്നാൾ
അനുപദമഥ നോക്കിനാൾ, ശപിച്ചാ-
ളനുകനെ വിട്ടൊരധന്യബാഹുബന്ധം. 63

"പ്രിയഖഗ, കരമായ കൂട്ടു ഭാഗ്യ-
ക്ഷയമതിൽ വിട്ടുപറന്നു പോകിലാം നീ;
സ്വയമഹഹ! ദുരന്തരാഗപാശം
പ്രിയ വിടുകില്ലിവളെ"ന്നു പിന്തുടന്നാൾ. 64

ഉടൽ വിളറി മുഷിഞ്ഞ വസ്ത്രലേശം
തടവുമവൻ ബഹു ദൂരലക്ഷ്യനായി;
ഉടനെ വലിയകാട്ടിൽ, വന്മഴക്കാ-
റിടയിലിളം പിറപോലെ ലീനനായി. 65

തരളഹൃദയ കഷ്ട! മെത്ര ബാധം
പരവശയാമതുകണ്ടൊരാ വരാംഗി?
തിരിയെ മദനനെന്തിനോടി? യെന്താം
പരിണതി'ഹാ! വിധിവാമ്യമെന്തുചെയ്‌വൂ? 66

ഭൃശജവമവനെത്തുടന്നു വീണ്ടും
ശശിയെ യനുദ്രുത താരപോലെ സാധ്വി;
അശരണയവളെത്തുടന്നു താരാ-
വശഗതയാമുപതാരപോലെ തോഴി. 67

അതിജവമൊടണഞ്ഞു കണ്ടു ദൂരെ-
സ്സതി തടിനീതട ഗന്ധശൈലകൂടം;
ഗതിയിൽ മദനനേറിടുന്നതും ചെ-
ന്നതിലൊരു ധൂസര മേഘരേഖപോലെ. 68

ഉടനെ യപരിഹാര്യമാമപായം
പെടുമവനെന്നവൾ കണ്ടു കുണ്ഠയായി;
അടികളൊരു തരിമ്പു മുമ്പു നീങ്ങാ-
തുടൽ മരവിച്ചു,ഥ കണ്ണുമന്ധമായി. 69

സമയമതിലുയൎന്ന ഘോരവാരി-
ഭ്രമമൊടകാലിക വൃഷ്ടി രേവയാൎന്നു,
ഘുമഘുമ രയഘോഷമേറിയാരാൽ
യമപുരിതന്നിലടിച്ച ഭേരിപോലെ. 70

രവി ജലധിയിലാശു മുങ്ങി, രേവാ-
സവിധ വനങ്ങളിൽ നിന്നു രശ്മി നീങ്ങി;
പവനനു മഥ വിട്ടു ചമ്പകത്തെ,
ഭുവനവുമപ്പൊഴു തപ്രസന്നമായി. 71

അഥമദന നകന്നു ശൂന്യമായ്‌ തൽ-
പഥമതു പക്ഷി വെടിഞ്ഞ ശാഖിപോലെ;
കഥയവസിതയെന്നു ബുദ്ധിയാലും
വ്യഥയെഴു മാസ്സതി കണ്ടു ശുദ്ധിയാലും. 72

ഉടനെയഴൽ പൊറാഞ്ഞു വീണുരുണ്ടാൾ;
ഝടിതിയെണീററു കൃതാർത്ഥപോൽ ഹസിച്ചാൾ;
ഒടുവിൽ മദനനെത്തി നിന്ന ദിക്കി-
ന്നുടനവൾ നിദ്രയിലെന്നപോൽ നടന്നാൾ. 73

ജവമവിടെ യണഞ്ഞു, 'രേവ' നീട്ടും-
ധവള തരംഗ കരങ്ങളിൽ സന്തോഷം
അവളുടനെ കുതിച്ചു കൊള്ളിമീൻ പോ-
ലവനത യാവതു ഹന്ത! തോഴി കണ്ടാൾ. 74

മനമുഴറി ഞടുങ്ങിയാശു വീണാൾ,
പുനരിവളേററു വിഷണ്ണയായി നിന്നാൾ,
അപഹൃതധനനായ ലുബ്ധനെപ്പോ-
ലപഗതദീപനരണ്യപാന്ഥനെപ്പോൽ. 75

അയി, സഖി, യയി, സോദരീ, യഹോ! നിൻ
ക്രിയ യതിനിഷ്ഠുര — മെന്നെ നീ വെടിഞ്ഞു.
പ്രിയനെ യനുഗമിച്ചു ധന്യയായ് നീ
സ്വയമഥവാ — വിധിയിന്നു തൃപ്തനായി! 76

എവിടമിവിട? മെങ്ങുവാസഭൂ? വേ-
തിവരുടെ കാങ്ക്ഷിത? മെന്തു സംഭവിച്ചു?
അവിദിത പരിണാമ മൊക്കെയോർക്കിൽ,
ശിവ! ശിവ! സർവ്വമനാഥ മീ ജഗത്തിൽ!! 77

അനിശമവനി ഗർഭമാർന്നുദിപ്പൂ,
പുനരനിശം വ്യഥയാർന്നു പോയ് ലയിപ്പൂ,
അനുഗത രയമാർന്നു നില്പു രേവേ,
മനുജരു മോർക്കുകിൽ നീയു മൊന്നുപോലെ. 78

വിദിതമിതഥവാ ചലാചലത്വം,
കദനമിയന്നയി, കേഴൊലാ യിവണ്ണം
നദി,— സപദി വഹിച്ചിടുന്നു നീയാ-
ഹൃദയ യുഗം, സ്ഥിരസൌഹൃദം ഹ്രദത്തിൽ. 79

MUL
037827

ശരി, നിജചരിതത്താലീ ജഗൽസ്വപ്നഭീതൻ
നരനമിഥുനമേ, ഹാ! നൽകിയാശംസ നിങ്ങൾ;
തിരിയെയെവിടെ നാം കാണുന്നു?തെൻധീയെയും ഹാ!
ധരയെയുമിത! തുല്യം മൂടി ഗാഢാന്ധകാരം. 80

ആസക്താശയ കേണു മാധവി കിട-
ന്നേവം നിരാലംബയായ്,
ഭ്രൂസംശ്ലേഷമിയന്നുറങ്ങി ശിശുപോൽ;
ജൃംഭിച്ചു മുമ്പിൽ തദാ
ഹാ! സിക്താംഗ, രതീവസുന്ദരർ, യുവ-
സ്ത്രീപുംസചിഹ്നം പരം
ഭാസിക്കും, പരിവേഷമാർന്ന വദന-
ശ്രീപൂണ്ട, രണ്ടാളുകൾ. 81

“ആരും തോഴി! യുലകിൽ മറയുന്നില്ല;
മാംസം വെടിഞ്ഞാൽ
തീരുന്നില്ലീ പ്രണയ ജടിലം ദേഹിതൻ-
ദേഹ ബന്ധം;

പോരും ഖേദം; പ്രിയസഖി, ചിരം
വാഴ്ക മാഴ്കാതെ; വീണ്ടും
ചേരും നാം കേൾ;—വിരതഗതി
യായില്ല സംസാരചക്രം." 82

ആരാജമാനരിതു ചൊല്ലി; യുണർന്നു തൃഷ്ണ
തീരാതെ തോഴി; യവരങ്ങടനേ മറഞ്ഞു.
പാരാകെ വീണ്ടുമവൾ കണ്ടു: വിളങ്ങിയേതു-
മോരാത്തപോലെയുദയോപരി കർമ്മസാക്ഷി. 83

അഥ സകലം നിനയ്ക്കുകിലു-
മടൽവഹി, ച്ചുടവീ-
പഥമവൾ വിട്ടുപോയി;- ജവം-
മാതുജ നീങ്ങുവതോ?
കഥയനയാരോടിവൾ പറഞ്ഞു
കരഞ്ഞുപരം
വ്യഥയൊടഹോ! മടങ്ങിയവർ;
തങ്ങിയൊരേടമവൾ. 84

ശേഷം നാൾ സ്വയമാസഖീരമണനെ
ത്തേടുന്നൊരന്നാന്നു തൻ-
വേഷം സാർത്ഥകമാക്കുമാറുടനെ താൻ
കൈക്കൊണ്ടു ചീരാംബരം,
ദോഷസ്പൃശ് മെഴാത്തതാം വ്രതമെട്ടു-
ത്തന്ന്യാർത്ഥമായ്, ജീവിതം
തോഷം പൂണ്ടു നയിച്ചു; ലൌകിക സുഖം
തുച്ഛം കൊതിച്ചീലവൾ. 85

---

# ലീല.

## ടിപ്പണം.

---

### ഒന്നാം സർഗ്ഗം.

൧

പ്രണയപരവശേ=അനുരാഗത്തിന്നു കീഴ്പ്പെട്ടു വലയുന്നവളേ! നെടുമോഹനിദ്ര=ദീർഘമായ മോഹാലസ്യം. ഇതു പ്രിയനെ അന്വേഷിച്ചു പോയി മടങ്ങിവന്നപ്പോൾ സ്വന്തം പൂന്തോട്ടത്തിൽ മോഹനിദ്രയിൽ കിടക്കുന്ന നായികയെ കണ്ടു് സഖി ആശ്വസിപ്പിപ്പാൻ ഉദ്ദേശിച്ചു പറയുന്നതാകുന്നു.

൨

സരളമധുരം=സ്പഷ്ടമായും, കർണ്ണാനന്ദകരമായുമുള്ളതു്. വചസ്സ്=വാക്ക്. വിധിവാട്ടിയ കർണ്ണവീഥി=ദുർവിധിയാൽ ചൂടുപിടിച്ചു വാടിയ ശ്രവണേന്ദ്രിയമാർഗ്ഗം. (നായകന്റെ കഥപോലും കേൾപ്പാൻ ഭാഗ്യമില്ലാതെ തപിച്ചിരിക്കുന്ന നായികയുടെ കർണ്ണപുടം) വിരവിനൊടു=പെട്ടെന്നു. (വിചാരിച്ചിരിക്കാതെ) പതിച്ചു=വീണു. പിച്ചി=പിച്ചകവള്ളി. വിരളനവാംബുദബിന്ദു=ഏതാനും പുതിയ മഴത്തുള്ളികൾ.

൩

ഉദയപുരം=രാജപുത്രസ്ഥാനത്തുള്ള ഉദയപ്പൂർ എന്ന നഗരം. ഉപാന്തം=സമീപം. വിദിതമഹീധരസാനുഭൂമി=പ്രസിദ്ധമലയുടെ (Aravalli Hills അരാവലിമലയുടെ) താഴ്വരപ്രദേശം. സദനസുമവനം=വീട്ടുപൂന്തോട്ടം (ഗൃഹാരാമം.) ഉന്മദം=സന്തോഷലഹരി. മധുമാസരാത്രി=വസന്തകാലത്തെ രാത്രി.

൪

നവനിലാവു=പുത്തൻനിലാവ്. ലതാവലയം=വള്ളിക്കുടിൽ. വിലയവിവശമേനി=മോഹാലസ്യംകൊണ്ടു് അസ്വാധീനമായ അംഗത്തോടുകൂടിയവൾ.

൫

ക്ഷിതിയിൽ=ഭൂമിയിൽ. മർത്ത്യജീവിതം=മനുഷ്യന്റെജീവിതം. (ജീവചരിത്രം) പ്രതിജനഭിന്നവിചിത്രമാർഗ്ഗം=ഓരോരുത്തക്കു പരസ്പരം ഭിന്നമായി നാനാപ്രകാരങ്ങളുള്ള രീതിയോടുകൂടിയതു്. പ്രതിനവരസം=പുതിയ പുതിയ രസത്തോടുകൂടിയതു്. (ഒന്നിനില്ലാത്തരസം മറെറാന്നിൽ ഉണ്ടായിരിക്കുമെന്നു താൽപര്യം.) മനുഷ്യകഥാനുഗായികൾ=മനുഷ്യന്റെ ചരിത്രത്തെപ്പററി പാടുന്നവർ (കവികൾ) കൃതികൾ. ധന്യന്മാർ=കൃതാർത്ഥന്മാർ (ഒരുകഥയിലെ രസവും സാരവും മറെറാന്നിൽ ഇല്ലാത്തതുകൊണ്ടു ഓരോ കഥയേയും പററി കവിതകൾ എഴുതുമ്പോൾ കവികൾക്കു പ്രത്യേകം ചാരിതാർത്ഥ്യത്തിനു വകയുണ്ടെന്നു താൽപര്യം.)

൬

അവിടെ=ഉദയപുരിയിൽ. മരു=മണൽക്കാടു. മഹാപണങ്ങൾ=വലിയ അങ്ങാടികൾ (കച്ചവടസ്ഥലങ്ങൾ) വൈശ്യവൃത്തികൾ=കച്ചവടക്കാർ.

൭

അവനിയിൽ=ഭൂമിയിൽ. വിശ്രുതൻ=പ്രസിദ്ധൻ. തനയ=മകൾ. അവികലമാനുഷരൂപമാധുരി=തികഞ്ഞ മനുഷ്യസൌന്ദര്യസാരസ്യം (അവന്റെ മകൾ മനുഷ്യസൌന്ദര്യം തന്നെ രൂപം ധരിച്ചതോ എന്നുതോന്നുമെന്നു താൽപര്യം.)

൮

സാൽഗുണപ്രവണത=സൽഗുണങ്ങളിൽ താൽപര്യം. മമത=സ്നേഹം അസുക്കൾ=പ്രാണങ്ങൾ, ജീവൻ. വസുക്കൾ=ധനങ്ങൾ (അവൻ പുത്രിയേയും തന്റെ ജീവനേയും ധനത്തേയും ഒന്നുപോലെ സ്നേഹിച്ചു എന്നു താൽപര്യം.)

൯

കല=വിദ്യ. നിശിതകുശാഗ്രബുദ്ധിയാൾ=ദർഭപ്പുല്ലിന്റെമുനപോലെ കൂർമ്മിച്ചബുദ്ധിയുള്ളവൾ. ശക്തി=ബുദ്ധിശക്തി. വിചക്ഷണലബ്ധി=പണ്ഡിതന്മാരുടെ സൌലഭ്യം. സ്വഭാവേന ബുദ്ധിമതിയായ അവൾ തന്റെ ബുദ്ധിശക്തിക്കനുരൂപമായ വിധത്തിലും അച്ഛൻ വലിയ ധനവാനാകയാൽ ഓരോ വിദ്യയിലും പ്രത്യേകനൈപുണ്യമുള്ള വിദ്വാന്മാരെ സമ്പാദിപ്പാനുണ്ടായിരുന്ന സൌകര്യത്തിനനുരൂപമായും പലവിദ്യകളും പഠിച്ചു എന്നർത്ഥം-

൧൦

ശൈശവം=ബാല്യം. പ്രകൃതി=പ്രകൃതിശക്തി. അംഗകാന്തി=അഴക, ശരീരസൌന്ദര്യം. സുകൃതി=ഭാഗ്യവാൻ.

൧൨

ലലിതലലിതം=അതിമനോഹരം (അത്യന്തമധുരം.) കുലജാത=ഉയന്നകുലത്തിൽ ജനിച്ചവൾ. ലലനകൾ=സ്ത്രീകൾ. ഭാഗ്യം=വിധി. യന്ത്രം=ചക്രം. ഈനില=യൌവനാവസ്ഥ (പ്രസ്താവതാൽപര്യം) സ്ത്രീകളുടെ ഭാഗ്യം വിശേഷിച്ചു യൌവനാവസ്ഥയിലെ അവരുടെ മനോഗതിയെ ആശ്രയിച്ചിരിക്കുമെന്നു താൽപര്യം.

൧൩

വണിഗീശ്വരൻ=കച്ചവടക്കാരുടെ പ്രധാനി. തദാ=അപ്പോൾ. വർത്തകപ്രകരം=കച്ചവടക്കാരുടെ കൂട്ടം.

൧൪

ഉഗ്രവായു=കൊടുങ്കാറ്റു. ഇടഞ്ഞു=എതിർത്തുകൊണ്ടു. മഹാമരുക്കൾ=വലിയ മണൽപ്രദേശങ്ങൾ. പടവുകൾ=തോണികൾ.

൧൫

പടകുടികൾ=കൂടാരങ്ങൾ. വലാഹകങ്ങൾ=മേഘങ്ങൾ. വാഹനപ്പട=വാഹനങ്ങളുടെ സമൂഹം. സാർത്ഥവാഹർ=കച്ചവടക്കാരുടെ സംഘം.

൧൬

ജനത=ജനസമൂഹം. നിബന്ധനം=ആചാരനടവടികൾ. നഗരം=പട്ടണം.

൧൭

അലം=നല്ലവണ്ണം. ബോധം=അറിവ്. മോദം=സന്തോഷം. (ഈദേശസഞ്ചാരം അവൾക്കു സന്തോഷത്തെ മാത്രമല്ല പലവിധത്തിലുള്ള അറിവിനേയും നൽകി എന്നർത്ഥം.) വിഭവം=സമ്പത്തു. സുഭഗത=സൌന്ദര്യം. യൌവനാഗമം=യൌവനാരംഭം. ശുഭഗുണ=ഉൽകൃഷ്ടഗുണങ്ങളോടുകൂടിയവൾ. ചരിക്ക=സഞ്ചരിക്ക. അഭിമതവാപി=ഇഷ്ടമായകുളം. മുഗ്ദ്ധഹംസി=ഹംസകന്യക.

൧൮

ഉരുഭൂതി=വലിയഐശ്വര്യം. സ്ഥിരസുഖ=സ്ഥിരമായ സുഖജീവിതമുള്ളവൾ. പരമരുചിരം=അത്യന്തമനോഹരം. അഹർമ്മുഖം=പ്രഭാതം. ചരമധരോപരി=പശ്ചിമപർവ്വതത്തിന്റെ മുകളിൽ. കാർ=മഴക്കാർ, കാർമേഘം.

൧൯

ഹതവിധി=ദുർവിധി. ലോകയാത്ര=ജീവിതയാത്ര.

൧൯

വിജയപുരനിവാസി=വിജയപുരത്തുകാരൻ. വത്തകപ്രജപതി=കച്ചവടക്കാരിൽ പ്രധാനി. വരിച്ചു=പ്രാൎത്ഥിച്ചു. വധൂകരിക്ക=വധുവാക്കുക. (വധു=മകന്റെ ഭാൎയ്യ)

൨൦

കമനൻ=കാന്തൻ. യുവാ=ചെറുപ്പക്കാരൻ. സമധനവംശൻ=ധനംകൊണ്ടും കുലംകൊണ്ടും തുല്യൻ. സമയം=വാഗ്ദാനം.

൨൧

അവിഹിതം=അയുക്തം=ചേരാത്തതു്. രക്ഷ്യർ=കീഴിലുള്ളവർ (താൻ രക്ഷിക്കേണ്ടവർ) അധികലം=മുഴുവൻ. പ്രഭുഭാവം=സ്വാതന്ത്ര്യം. തന്റെ വരുതിയിലുള്ളവരോടു ഒരാൾ മുഴുവൻ സ്വാതന്ത്ര്യം ഉപയോഗിക്കുന്നതു നന്നല്ല എന്നൎത്ഥം. യുവജനഹൃദയം=ചെറുപ്പക്കാരുടെ മനസ്സ്. കാമ്യപരിഗ്രഹേച്ഛ=കാമാൎത്ഥമായ പരിഗ്രഹത്തിലുള്ള ഇച്ഛ. പരിഗ്രഹം=ഭാൎയ്യ. പരിഗ്രഹം അല്ലെങ്കിൽ ഭൎത്തൃപരിഗ്രഹം (വരണം) സ്വതന്ത്രം=സ്വാതന്ത്ര്യമുള്ളതു്.

൨൨

മദനനിതി=മദനനെന്നു്. മാധുരീനിദനം=മാധുൎയ്യത്തിന്റെ ഇരിപ്പിടം ഗുണോത്തരൻ=ഗുണംകൊണ്ടു ഉൽകൃഷ്ടൻ. സദനനികടവൎത്തി=അയൽവീട്ടുകാരൻ.

൨൩

ദുഹിതൃപരിണയോത്സവം=മകളുടെ വിവാഹാടിയന്തിരം. യഥാവിഹിതം=വിധിപ്രകാരം. പിതൃനിയോഗഖിന്ന=പിതാവിന്റെ ആജ്ഞകൊണ്ടു ഖേദിക്കുന്നവൾ.

൨൪

തരുവല്ലി=വൃക്ഷത്തിൽ പടൎന്ന വല്ലി. മനസ്വിമാർ=സ്ഥിരനിശ്ചയമുള്ളവർ.

൨൫

ഗുരുജനവചനം=അച്ഛന്റെ ആജ്ഞ. കലക്രമം=കുലമൎയ്യാദ. അസ്വാതന്ത്ര്യം=സ്വാതന്ത്ര്യമില്ലായ്മ. കാമിതം=ഇഷ്ടം=മനസ്സിലുള്ള ആഗ്രഹം. കദനം=ക്ലേശം. ലൌകികം=ലോകത്തിന്നു അനുസരിച്ചുള്ള ഇരിപ്പു്.

൧൬

വിനയവതി=മൎയ്യാദയുള്ളവൾ. ജനകഗദിതം=അച്ഛൻെറ അഭിമതം. അനഘൻ=നിർദ്ദോഷൻ. (അവൻ=മദനൻ എന്നൎത്ഥം) അനന്യരാഗൻ=വേറൊരാളെ കാമിക്കാത്തവൻ. അനുകൻ=കാമുകൻ. ആഴ്ത്തുക=മുക്കുക

൧൭

കദനം=ക്ലേശം. മദനഗതാശയ=നായകനായ മദനനിൽ ചേൎത്തിരിക്കുന്ന ഹൃദയത്തോടുകൂടിയവൾ. വിദയ=ദയയില്ലാത്തതു്- നിയതി=വിധി ദുസ്തരൌഘം=കടക്കാൻ പ്രയാസമായ. ഗതിവേഗത്തോടുകൂടിയതു് ആ നദി=നിയതിയാകുന്ന നദി.

൧൮

സ്ഫുടം=വെളിവായി. ധ്വജകോടി=കൊടിമരത്തിൻെറ അഗ്രം. വിവാഹമംഗളം=വിവാഹമുദ്ര(താലിഎന്നു താൽപൎയ്യം)ഗളം=കഴുത്തു്. അനിഷ്ടദർശനം=കാൺമാൻ സുഖമില്ലാത്തതു്. പ്രമാദംകൊണ്ടു വിഷ്ണുക്ഷേത്രത്തിൽ ശിവൻെറയോ ശിവക്ഷേത്രത്തിൽ വിഷ്ണുവിൻെറയോ കൊടിയേറുന്നതുപോലെയായിരുന്നു അവളുടെ കണ്ഠത്തിൽ അഭിമതനല്ലാത്ത നായകൻെറ മംഗല്യസൂത്രം ധരിച്ചിരുന്നതു്.

൧൯

തൽപതി=അവളുടെഭൎത്താവു്. അതിഗുണിതം=ഏററവുംഅധികം. ധനി=ധനവാൻ. ഉദധി=ജലനിധി=കടൽ. ഉദകസമൃദ്ധി=ജലഭാരം. ഘനാഢ്യൻ=ഘനസമ്പന്നൻ, മേഘസമൃദ്ധിയുള്ളവൻ. ഗിരി=പൎവ്വതം.

൨൦

പ്രണയി=പ്രേമഭാജനമായ നായകൻ. നാഥൻ=ഭൎത്താവു്. നിൎഘൃണം=ദയയില്ലാതെ. കപോതി=പ്രാക്പിട (മാടപ്രാവിൻപിട.)

൨൧

ഘനരുജ=നിറഞ്ഞ സങ്കടം. ജനകവിയോഗം=അച്ഛൻെറ വേർപാടു്. അഭിഹതം=പീഡിതം. അസ്തരാഗം=രാഗംനശിച്ചതു്. സ്വനം=ശബ്ദം, ധ്വനി.

൨൨

ആധികർശിതം=ആധിയാൽ വാടിയതു്. ഗതൻ=പോയവൻ നി [illegible] രന്നേ വെട്ടിഞ്ഞ [illegible] ള്ള അത്തി

## ൩൩

വരസുഖവിഭവങ്ങൾ=ഉൽകൃഷ്ടങ്ങളായ സുഖസാധനങ്ങൾ. വരൻ=ഭത്താവു. ഭാവനാപരികരം=സങ്കല്പപരമ്പര. ഭോഗം=സുഖദുഃഖാനുഭവം. സങ്കല്പംകൊണ്ടു സുഖം ദുഃഖമായും ദുഃഖം സുഖമായും പരിണമിക്കുമെന്നു താൽപര്യം.

## ൩൪

പിതൃകൃതൻ=അച്ഛൻ ഉണ്ടാക്കിക്കൊടുത്തവൻ. കൃതമതി=ബുദ്ധിയുള്ളവൻ (വിവേകമുള്ളവൻ) സതി=പതിവ്രത. അപരൻ=അന്യൻ.

## ൩൫

ഘടന=സംഗം. പതി=ഭത്താവ് വിലാസി=വിലാസപ്രിയൻ. (ക്രീഡാരസികൻ) പിടമൃഗനേത്ര=മാൻപേടയുടെ കണ്ണുപോലെയുള്ള കണ്ണുകളുള്ളവൾ കൃപാർദ്ര=ദയകൊണ്ടലിഞ്ഞവൾ. സ്ഫുടം=സ്പഷ്ടം. അകം=ഉള്ള്. തടശില=തീരത്തിൽ കിടക്കുന്ന പാറക്കല്ല്. തരംഗലീല=തിരയടി.

## ൩൬

അബ്ദം—സംവത്സരം. നിഷ്ഠ=വ്രതം. പ്രണയജം=അനുരാഗത്തിൽനിന്നുണ്ടായതു്. കാഷ്ഠ=പരമകാഷ്ഠ=പരമസീമ.

## ൩൭

അശക്ത=ദുർബ്ബല. വിപത്തു്=നാശം പ്രണയിനി=സ്നേഹവതി. അകരുണം=കരുണയില്ലാത്തതു്. അന്യവൈഭവം=മറ്റൊരുസാമർത്ഥ്യം ഗുണപരിണാമപരീക്ഷകൻ=ഗുണങ്ങളുടെ അധികമധികമായ പരിപാകത്തെ പരിശോധിക്കുന്നവൻ വിധി=ദുർവ്വിധി, ദൈവം.

## ൩൮

അവൾ=ലീല. ശയനീയശായി=കിടക്കയിൽ കിടന്നുറങ്ങുന്നവൻ. അവൻ=മദനൻ ഉഷസ്സ്=പ്രഭാതം. യുവത=യൌവനം. ജന്തു=പ്രാണി. വിവൃതകവാട=ദ്വാരം തുറന്നുവെച്ചിരിക്കുന്നതു. മൃതി=മൃത്യു. അനാരതം=ഇടവിടാതെ (എല്ലായ്പ്പോഴും). താരുണ്യം,മരണത്തിനു തടസ്സമല്ലെന്നുതാൽപര്യം.

## ൩൯

സുഭഗൻ=സുന്ദരൻ. രാഗം=അനുരാഗം. നിയതിഹതൻ=വിധിയാൽ വഞ്ചിതൻ. അഭിമാനകൃതാർത്ഥൻ=സങ്കല്പംകൊണ്ടുമാത്രം കൃതാർത്ഥൻ.

൭൦

രോദനം=നിലവിളി. അശംകം=സംശയംകൂടാതെ=മടികൂടാതെ. ചടുലശിഖ=ഇളകുന്ന ജ്വാല. നിർദ്ദയോദ്യമൻ=തന്റെ ഉദ്ദേശം സാധിപ്പാൻ ദയയില്ലാതെ പ്രവൎത്തിക്കുന്നവൻ. ദഹിച്ചു=ഭസ്മമായി. ചിതാഹുതാശനൻ=ചിതാവഹ്നി.

൭൧

വിതന്തു=താലിയററവൾ. വിവിധഹൃദയവൃത്തി=പലപ്രകാരമുള്ള മനോവിചാരങ്ങൾ വിധുര=പീഡിക്കപ്പെട്ടവൾ. വിവശത=പാരവശ്യം മൃഗയുവതി=മാൻപേട കിരാതമുക്ത=വേടന്റെ കൈയിൽനിന്നു തെററിയതു്. വൃകനിര=ചെന്നായ്ക്കൂട്ടം.

൭൨

അനുമരിക്ക=കൂടെ ചാവുക. സമജ്ഞ=കീൎത്തി. വിദയ=ദയയില്ലാത്തവൾ വക്രശീല=കടില. പാപ=ദുഷ്കൃത്യം ചെയ്യുവൾ.

൭൩

അശ്രുഭങ്ങൾ=ചീത്തകൾ. അപവാദശരങ്ങൾ=പഴിവാക്കാകുന്ന അസ്ത്രങ്ങൾ. അമ്പുപോലെ ശ്രവണകഠോരങ്ങളായ പഴിവാക്കുകൾ എന്നു താല്പൎയ്യം. ഹത=വഞ്ചിത=മൃതതുല്യ. അനഭീഷ്ടൻ=ഇഷ്ടനല്ലാത്തവൻ=സമ്മതനല്ലാത്തവൻ.

൭൪

പരം=ഇതിനുമേൽ. അരിയ=നല്ല. കിനാവ്=സ്വപ്നം. ഫലം=പഴം മനഃഖഗ=മനസ്സാകുന്ന പക്ഷി. ഉരുരസം=അധികം രസത്തോടെ അതു=ആ സ്വപ്നത്തിലെ ഫലം. ആകനി=ചവിട്ടിഇരുന്ന കനി. സ്വപ്നത്തിൽ കണ്ട കനിയിന്മേൽ നോക്കി ഏതൊന്നിന്മേൽ ഇരുന്നോ ആ കനി (സ്വപ്നത്തിൽകണ്ട കനി മദനനെന്നും വീണുപോയ കനി ഭൎത്താവെന്നുംതാല്പൎയ്യം)

൭൫

തൻമതി=അവളുടെ ബുദ്ധി. ഉരുപീഡ=വലുതായദുഃഖം. ഏതിരിടുക=അനുഭവത്തിൽപെടുക. അതിരുജ=അതിയായ മനോവേദന. ഭാവിഭയങ്ങൾ=വരാൻപോകുന്ന ആപത്തിനെക്കുറിച്ചുള്ള പേടി—വരാനുള്ള ആപത്തെപ്പററി ചിന്തിച്ചാൽ ഏതു ധീരനും ചലിക്കുമെന്നു താൽപൎയ്യം.

൭൬

ഗളിതഭയം=പേടിനീങ്ങിയ. മദനോന്മുഖം=മദനനിൽ ആഞ്ഞുനിൽക്കുന്നതു്. കളപറിക്കൽകൊണ്ടുള്ള വാട്ടംതീൻ തഴയ്ക്കുന്ന മുളപോലെ (ധാന്യച്ചെടിപോലെ) എന്നു താൽപൎയ്യം.

൪൭

വിനയവിഹിതദുഃഖ=വിനയത്താൽ കൃതമായ ദുഃഖത്തോടു കൂടിയവൾ. അവളുടെ ദുഃഖത്തിനു അവളുടെ കീഴ്‌വഴക്കവും മൎയ്യാദയും തന്നെ കാരണമെന്നൎത്ഥം. വൈശ്യ=വൈശ്യസ്ത്രീ. അനുകൻ=കാമുകൻ. (മദനൻ) അവരിൽ=ആ വൈശ്യവൎഗ്ഗക്കാരിൽ പുനൎവിവാഹം=രണ്ടാംവിവാഹം (വിധവാവിവാഹം) അനിന്ദ്യം=നിഷിദ്ധമല്ലാത്തതു്.

൪൮

വിശസനം=ഭയങ്കരമായ ആപത്തു്. ശ്വശുരർ=ഭൎത്താവിന്റെ മാതാപിതാക്കന്മാർ.

൪൯

പരിജനം=പരിചാരകർ. (ഭൃത്യന്മാർ) ഉൽസുക=അത്യാശയുള്ളവൾ തരം=വേഗം. കാററും ഒഴുക്കും ഒരു വഴിക്കായിരുന്നാൽ അനായാസേന തോണി ഓടുന്നതുപോലെ അവളുടെ മനസ്സും ശരീരവും ഒരു ദിക്കിലേക്കു തന്നെ ആയിരുന്നതിനാൽ യാത്രാക്ലേശം അറിഞ്ഞില്ലെന്നു താല്പൎയ്യം.

൫൦

പരിസരം=സമീപപ്രദേശം. ലക്ഷ്യമായി=കാഴ്ചക്കു വിഷയമായി. ചിരവിധുരം=വളരെ കാലം വേൎപിരിഞ്ഞിരുന്നതു്. പിതൃസൌധം=അച്ഛന്റെ മാളിക. മദനാകൃതി=മദനന്റെ സ്വരൂപം. തൃഷ്ണ=ഉൽക്കണ്ഠ.

൫൧

ഉരുദമം=വലുതായ അടക്കം. ശൈശവഭാവനീത=ചെറുപ്പകാലത്തെക്കുറിച്ചുള്ള സങ്കല്പങ്ങളാൽ ആകൎഷിക്കപ്പെട്ടവൾ.

൫൨

ചിരവിരഹിതർ=വളരേകാലമായി പിരിഞ്ഞിരിക്കുന്നവർ ചിരവൊട്ട=പെട്ടെന്നു. ഹൃഷ്ടർ=ആഹ്ലാദിക്കുന്നവർ. വിചാരിച്ചിരിക്കാതെ പെട്ടെന്നു മകളെ കാണുകയാൽ സന്തോഷിച്ചിട്ടും വിധവയാണെന്നറിഞ്ഞു് ദുഃഖിച്ചിട്ടും കണ്ണീർ പൊഴിയുമെന്നൎത്ഥം.

൫൩

ബഹുതരഭാഗ്യമഗ്ന=പലപ്രകാരത്തിലുള്ള ഭാഗ്യങ്ങളിൽ മുഴുകിയിരിക്കുന്നവൾ. ഹതദൈവ=ഭാഗ്യം കെട്ടവൾ. സ്ഥിതിയിതു=ഇപ്പോഴത്തെ നിൎഭാഗ്യസ്ഥിതി.

൨൮

വിശുദ്ധി=പാതിവ്രത്യം. ഘോരൻ=നിർദ്ദയൻ.

൨൯

പ്രഭുത=പ്രാഭവം=ശക്തി. ദേശചര്യം=നാട്ടുനടവടി. പ്രഭവം=കാരണം അനർത്ഥപരമ്പര=തുടൎന്നുവരുന്ന അനർത്ഥങ്ങൾ. അഭിജനസങ്കടം=കുലീനന്മാൎക്കു ഞെരുക്കമുണ്ടാക്കുന്നതു്.

൩

ധീവികലത=ബുദ്ധിഭ്രമം അനവദ്യലോകർ=സാധുജനങ്ങൾ. പിശാചവൃത്തി=പിശാചിൻെറ ചേഷ്ടയോടുകൂടിയതു്.

൧

ഭയശോകരാഗസംകുല=പേടിയും ദുഃഖവും, അനുരാഗവും ചേൎന്നു മിശ്രമായതു ചപലഹൃദയം=ചാഞ്ചല്യമായ മനസ്സ്. ചിത്രം=നാനാവൎണ്ണമുള്ളതു്. ജലധരകാലദിനാന്തലക്ഷണം=മഴക്കാലത്തെ സന്ധ്യയുടെ സ്വരൂപം.

൫൨

ശിബിക=പല്ലക്കു ഗതോത്സവം=ശൂന്യപ്രായമായതു്. വ്യഥ=വ്യസനം ഭൃതകർ=ഭൃത്യന്മാർ.

൨൯

ചിതാഗ്നി=ചിതാവഹ്നി. സരസി=തടാകം ജനിത്രി=അമ്മ.

൩൦

ദൃഢരാഗബന്ധം=സ്ഥിരമായ അനുരാഗപാശം. പരഭയം=മററാപത്തുകൾ. അദൃശ്യബന്ധു=കാണാൻകഴിയാത്ത ബന്ധു. അനുരാഗം ദൃഢപ്പെട്ടാൽ മറെറന്താപത്തുകൾ വന്നാലും സഹിച്ചു അതിന്നായി ജീവിച്ചിരിക്കുമെന്നർത്ഥം.

൩൪

അവികലം=പൂൎണ്ണം. പിതൃസ്വം=അച്ഛൻെറ സ്വത്തു്. സഖീസമാഗമം=സഖിയുമായുള്ള ദർശനം.

൩൫

വിരസതരം=തീരെസുഖപ്രദമല്ലാത്ത.

൯൨

പ്രതിഘാതികൾ=പ്രതിബന്ധങ്ങൾ. ചതുര=സമർത്ഥ

൯൩

അപഥം=ദുർമ്മാർഗ്ഗം. അപര=മറെറാരുസ്ത്രീ. അപകൃതൻ=അപകാരം അനുഭവിച്ചവൻ (അപകാരത്തിനു വിഷയമായവൻ=തിരസ്കൃതൻ) അപചയം=ക്ഷയം ഈ ശ്ലോകം സഖി പറയാൻപോകുന്ന ഭയങ്കരമായ ചരിത്രം നായകൻെറ നടവടിദോഷത്തെ സംബന്ധിച്ചതല്ലെന്നും. സൂചിപ്പിക്കുന്നു.

൯൪

അവനെ ആരും ആ നാട്ടിൽ കണ്ടില്ല.

൯൫

വികലബുദ്ധി=ഭ്രാന്തൻ.

൯൬

വിധുരത=അത്യാശ ശൂന്യഭാണ്ഡം=ഒഴിഞ്ഞപാത്രം- ധൃതി=ധൈര്യം ച്യുതി=ഭ്രംശം പേയം=പാനദ്രവ്യം=കുടിപ്പാനുള്ളത്.

൯൭

മഹാനിപാത=ഊക്കോടുകൂടി താഴോട്ടു വീഴുന്ന. തടിനി=നദി.

൯൮

പ്രവൃദ്ധ=അധികം വർദ്ധിച്ചതു്. പ്രിയത=പ്രേമം. അഞ്ജസാ=പെട്ടെന്നു നിയതം=നിത്യമായി. ജനാവലോകനം=ജനദർശനം.

൧൦

പ്രണയി=നായകൻ- പ്രണയിനി=സ്നേഹമുള്ളനായിക. നിയതരാഗപാത്രം=സദാപ്രേമഭാജനം. അപരാധി=തെററുചെയ്തവൻ ഗണന=ബഹുമാനം.

൧൧

അവിഷഹിതത=പോരായ്മ. യവനിക=തിരശ്ശീല. നായികപ്രിയനെ ഓർത്തു പ്രത്യക്ഷമായി കരയുന്നതിലുള്ള പോരായ്മയെ പിതൃദുഃഖമെന്നവ്യാജം സ്വയമേവ മറച്ചു എന്നർത്ഥം.

൧൨

പ്രഥിതർ=പ്രസിദ്ധന്മാർ. വ്യഥിത=വ്യസനിക്കുന്നവൾ ഉഡുഗണങ്ങൾ=നക്ഷത്രക്കൂട്ടങ്ങൾ. ഗതവിധു=ചന്ദ്രനില്ലാത്ത.

൧൩

അസുലഭം=കിട്ടാൻ പണിയുള്ളത്. മതികെട്ടമാറു=ബുദ്ധിക്ഷയമാംവണ്ണം. ഹൃദയികൾ=ഉൽകൃഷ്ടഹൃദയമുള്ളവർ. ഉൽകൃഷ്ടഹൃദയമുള്ളവർ എതു കഷ്ടത്തിലും നിഷ്ഠയെ വിടാതിരിക്കുന്നതുതന്നെ അവരുടെ ചാരിതാർത്ഥ്യം.

൧൪

വിദഗ്ദ്ധ=സമർത്ഥ. ശ്രുതി=ശാസ്ത്രം. ദൂരലീനമർക്കംഭാവം=ദൂരെ മറഞ്ഞിരിക്കുന്ന താൽപര്യം. പ്രണിഹിത=ഏകാഗ്ര.

൧൫

സ്ഥിരാശ്രുത=സ്ഥിരമായ ആശ്രുതത്തോടുകൂടിയവൾ ആശ്രുതം=വാഗ്ദാനം. പറഞ്ഞപോലെ കൃത്യമായി പ്രവർത്തിക്കുന്നവൾ എന്നർത്ഥം. ആബ്ദികീ=കൊല്ലത്തിലൊരിക്കൽ വരുന്നത്. സുതിഥി=വിശേഷദിവസം ചിരാർത്തിത=വളരെകാലം കഷ്ടപ്പെട്ടവൾ. കഥാരംഭത്തിൽ "പ്രണയപരവശേ" എന്നു തുടങ്ങിയ മധുരമായ മൊഴികൾ പറഞ്ഞ മാധവി എന്ന സഖി ഇവൾതന്നെയാണെന്നു കാണിച്ച ഈ പദ്യംകൊണ്ടു സർഗ്ഗം ഉപസംഹരിക്കുന്നു.

---

## രണ്ടാം സർഗ്ഗം.

൧

മൊഴി=പ്രണയപരവശേ എന്നു തുടങ്ങിയ മൊഴി. വീർത്തു നെടുവീർപ്പിട്ടു. പത്മിനി=താമരപ്പൊയ്ക. സുന്ദരി=സുന്ദരിയായ ലീല.

൨

സമഭിജ്ഞ=സ്മരണ. വിസ്മൃതക്ലമ=ക്ഷീണം മറന്നവൾ. സമസഹൃദ=തുല്യസ്നേഹമുള്ളവൾ. ഉന്നമനോൽക്കം=എഴുന്നേല്ക്കാൻ ഭാവിക്കുന്ന

൩

സംക്രമിതസ്നേഹം=സ്നേഹവൃത്തികൾ അന്യോന്യം പകരുമാറ്. കമനീയാസ്യകൾ=മനോഹരമുഖമുള്ളവർ,

൮

അനാമയക്ഷയം=അനാമയത്തിൻെറ കുറവ്. അനാമയം=ആരോഗ്യഹാനി. ചിരപ്രയതൻ=വളരെകാലമായി നോററിരിക്കുന്നവൻ. (ദീക്ഷിച്ചിരിക്കുന്നവൻ).

൯

പൊറുക്ക=ബദ്ധപ്പെടാതിരിക്ക. പരിണാമി=മാററമുള്ളതു്. (കാലഭേദാവസ്ഥയനുസരിച്ചു മാറുന്നതു്) അനാസ്ഥം=സ്ഥിരമായ അവലംബമില്ലാത്തു.

൰

ഭയം=ഭയംകരം

൰൧

പ്രിയോന്മുഖി=പ്രിയനിൽ ഉന്മുഖി (ഉൽക്കണ്ഠയുള്ളവൾ. തടസ്ഥ=ഉദാസീന [പ്രതിപത്തി കുറഞ്ഞവൾ എന്നൎത്ഥം]

൰൨

അജ്ഞ=മൂഢ. ത്വര=ബദ്ധപ്പാട്.

൰൩

വിഡംബനാൎത്ഥം=സമയം കഴിപ്പാൻ മാത്രമായി. കൃതി=പ്രവൃത്തി, യത്നം.

൰൪

ഉപദക്ഷിണാപഥം=ദക്ഷിണാപഥത്തിനു സമീപം. നഭസ്സ്=ആകാശത്തെ. മേഘാംബരഡംബരൻ=മേഘങ്ങളാകുന്ന വസ്ത്രാലങ്കാരത്തോടു കൂടിയവൻ

൰൫

പരിണാഹം=വിസ്താരം. മഹാവനം=വൻകാട്. ഹരിതാഭം=പച്ചനിറമായ. സാനുമാൻ=പൎവ്വതം. അപരപാൎശ്വം=അപ്പുറത്തെ ചരിവ്. സസ്വന=ശബ്ദത്തോടുകൂടിയതു്. രേവ=നൎമ്മദ.

൰൬

ദുഃസ്ഥൻ=കഷ്ടപ്പെട്ടു ജീവിക്കുന്നവൻ. അവനം=രക്ഷ-

൰൭

കൃശഗാത്രൻ=മെലിഞ്ഞ ദേഹത്തോടുകൂടിയവൻ. അനവദ്യാകൃതി=സുന്ദരരൂപൻ.

൮൭

ഋഗ്=തടം. പ്രേതസമം=പ്രേതത്തെപ്പോലെ വികലാത്മാ=ബുദ്ധിക്കു വൈകല്യം ഭവിച്ചവൻ. (സ്വസ്ഥബുദ്ധിയല്ലാത്തവൻ.)

൮൮

അഫലപ്രയാസ=പ്രയത്നംഫലിക്കാത്തവൾ. അതുലസ്നേഹനിധി=തുല്യമല്ലാത്ത സ്നേഹത്തിന്നിരിപ്പിടമായവൾ. കൃതി=കമ്മം.

൮൯

പരീതൻ=ചുററപ്പെട്ടവൻ. സനാഥകൾ=ഭത്താക്കന്മാരുള്ളവർ. ആർദ്രത=ദയ.

൯൦

കാനനപക്കണസ്ഥകൾ=കാട്ടുകുടില്ലുകളിൽ താമസിക്കുന്നവർ. പൌരവാസികൾ=നഗരവാസികൾ. അനാർജ്ജവം=കൃത്രിമബുദ്ധി.

൯൧

അവശൻ=പരവശൻ.

൯൨

ഉത്സ്രുതം=പൊഴിഞ്ഞുവീണതു്. വിതതേക്ഷണ=വിശാലനേത്ര

൯൩

ശിക്ഷിതചിത്തമാർ=അഭ്യാസാൽ സ്വാധീനമാക്കിയ ചിത്തത്തോടു കൂടിയവർ. സ്ഫടം=സ്പഷ്ടം.

൯൪

കിരാതിമർ=വേടത്തികൾ. സ്വയം=താനേതന്നെ. നിയതം=നിശ്ചയമായും.

൯൫

കൃതിച്ചു്=കവിതയാക്കി. സ്ഥിരരാഗലോലകൾ= സ്ഥിരാനുരാഗത്തെ അനുമോദിക്കുന്നവർ. പ്രാകൃതചിന്തകൾ=സ്വാഭാവികമായ മനോവികാരങ്ങൾ=വേടത്തികൾ സ്ഥിരാനുരാഗത്തെ അനുമോദിക്കുന്നതിൽ ആശ്ചൎയ്യപ്പെടുവാനില്ല. സ്വാഭാവികമായ മനോഭാവങ്ങൾ പരിഷ്കൃതക്കും അപരിഷ്കൃതക്കുംഒരുപോലെ ആയിരിക്കുമെന്നുതാൽപൎയ്യം.

൨൬

സൌഹൃദപ്രവൃതൻ=സ്നേഹനിഷ്ഠയുള്ളവൻ. ചരലോകത്തെ=പ്രാണിവർഗ്ഗങ്ങളെ. അമ്പ്=സ്നേഹം. ഇതിൽ അവൻെറ ശുദ്ധസ്നേഹത്തിൻെറ ഉൽകർഷത്തെ കാണിക്കുന്നു.

൨൭

അവശം=പരവശമാകുംവണ്ണം (സ്വസ്വഭാവംവിട്ടു)നിസർഗ്ഗചേഷ്ടകൾ=സ്വാഭാവികമായ പ്രവൃത്തികൾ. വനസത്വകുലങ്ങൾ= കാട്ടുജന്തുക്കളുടെ കൂട്ടങ്ങൾ. മക്ഷികാളികൾ=തേനീച്ചകൾ.

൨൮

മൃതകല്പൻ=മിക്കവാറും മരിച്ചവൻ. പ്രത്യക്ഷമാനപ്രണയാത്തൻ=പ്രത്യക്ഷമായ പ്രണയത്താൽ ആത്തനായവൻ. വ്യഥ=ദുഃഖം.

൨൯

ആത്മനിബന്ധനം=തന്നിൽതന്നെ അടങ്ങിയിരിക്കുന്നതു്. പരതന്ത്രം =മററൊരാളെ ആശ്രയിച്ചിരിക്കുന്നതു്. ദുർല്ലഭ നായകനെ തൻെറ സുഖത്തിന്നാധാരമായി കരുതിയാൽ ഫലം ദുഃഖമായിരിക്കുമെന്നും ഇങ്ങിനെ പറയുന്നതു് സ്നേഹക്കുറവുകൊണ്ടല്ലെന്നും പരമാത്ഥമായ തത്വമാണെന്നും അതനുഷ്ഠിച്ചാൽ ദുഃഖിപ്പാനിടയില്ലെന്നും താൽപര്യം. കഠോര=നിർദ്ദയ.

൩൦

ഉജ്ജ്വലം=കത്തിക്കാളുന്ന. പ്രണയോഷ്ണരശ്മി=പ്രണയത്തിൻെറ ഉഷ്ണരശ്മി (ഉഷ്ണരശ്മി=സൂര്യൻഎന്നും) വിലയോന്മുഖം=അവസാനിപ്പാൻ പോകുന്ന.

൩൧

കൃശ =അല്പം. ജീവിതം=ആയുസ്സു കശലേ=പണ്ഡിതേ. കശലം=നന്മ. ശിശിരാർദ്ദിതം=ശിശിരകാലത്താൽ അർദ്ദിതം. അർദ്ദിതം=പീഡിപ്പിക്കപ്പെട്ടതു്. ശിശിരകാലത്തെ വായുവിൽ ഉണങ്ങിയതു്. തെന്നൽ=തെക്കൻ കാററു്. വസന്തകാലത്തെ കാററു്. "ശിശിരാർദ്ദിതമാകുമാദലം" എന്നതു് സഖി നായകനെ കണ്ടപ്പോൾ ഉള്ള അവൻെറ ശരീരാവസ്ഥയെ ദ്യോതിപ്പിക്കുന്നു. ഈ രാഗോദ്ദീപകമായ വസന്തകാലത്തു് അവൻ ജീവിച്ചിരിപ്പാൻ ശക്തനാകയില്ലെന്നും അതുകൊണ്ടു ശിശിരകാലത്തെ പഴുത്ത ഇലകളെപ്പോലെഇപ്പോൾ ജീവിതം വിട്ടിരിക്കാമെന്നും സഖി അനുമാനിക്കുന്നു.

൩൨

വിധുര=വിരഹിണി. ആസ്ഥ=ഉൽകണ്ഠ. മധുരസ്വപ്നം=സുഖകരമായ കിനാവു്.

൯൩

അനപത്യം=സന്തതിയില്ലാത്തതു്. കുലം=കുടുംബം. ഈമനമെത്താത്ത=ഇത്രയെന്നു മതിപ്പാൻ കഴിയാത്ത. നാഥ=ഉടമസ്ഥ.

൯൪

അവനു=മദനനു്. ചാരിതാർത്ഥ്യം=കൃതാർത്ഥത. ഇതു=താഴെ പറയാൻ പോകുന്നതു്. അതിലോകമനോഹരാംഗി=ലോകസാധാരണമല്ലാത്ത സൌന്ദര്യമുള്ളവൾ. തൽപ്രേമവിധേയ=അവന്റെ സ്നേഹത്തിനു കീഴ്പ്പെട്ടതു. (അവനെക്കുറിച്ചു ഇതിലധികം പശ്ചാത്തപിക്കേണ്ട ആവശ്യകത ഇല്ല നീ അവനെ സ്നേഹിച്ചു എന്നുള്ളതു തന്നെ അവന്റെ മഹാഭാഗ്യമാണു്. അത്രമാത്രംകൊണ്ടുതന്നെ അവൻ കൃതാർത്ഥനാകുന്നതുമാണെന്നു സാരം.)

൯൫

വൈകൃതം=വൈകല്യം=വികൃതസ്വഭാവം. ഭ്രമം=മോഹം.

൯൬

ശ്രുതി=ചെവി. ആതുരം=ഖിന്നം. കാന്തഗുണാവമാനിനി=കാന്തന്റെ ഗുണത്തെ അവമാനിക്കുന്നവൾ ഇതു്=താഴെ പറയുന്നതു്.

൯൭

അയി=എടൊ. ചാരുതരാന്തരംഗൻ=ചാരുതരമായ അന്തരംഗത്തോടുകൂടിയവൻ. ചാരുതരം=അധികം സൌന്ദര്യമുള്ളതു്. അന്തരംഗം=മനസ്സ് (മനോഗുണമേറിയവൻ) ദയിതൻ=പ്രിയൻ. മൃൺമയം=പാർത്ഥിവം=ഭൌതികം (പഞ്ചഭൂതമയം) ഭംഗുരഭംഗി=നശിച്ചുപോകുന്ന സൌന്ദര്യത്തോടുകൂടിയതു്. എനിക്കു നീ പറയുംവണ്ണമുള്ള അംഗസൌന്ദര്യമുണ്ടെങ്കിൽ അതിനേക്കാൾ വലിയ മനസ്സൌന്ദര്യം അദ്ദേഹത്തിനുണ്ടെന്നും നശ്വരമായ ശരീരസൌന്ദര്യത്തിൽ ഭ്രമിക്കുന്നവനല്ലെന്നും താല്പര്യം.

൯൮

രതി=അനുരാഗം. വ്രതം=തപസ്സ്. ധൃതിമാൻ=ധീരൻ. ധന്യൻ=പുണ്യവാൻ=സുകൃതി.

൯൯

പ്രണയൈകവൃത്തി=സ്നേഹചേഷ്ടാമാത്രം=കേവലം പ്രണയത്തിന്റെ ചേഷ്ട. കബളിപ്പിച്ചു=വഞ്ചിച്ചു. നൃശംസ=ക്രൂര നവരാഗി=പുതുതായി അനുരാഗിയായവൻ ഭവനാവസ്ഥ=നായികയുടെ കുടുംബസ്ഥിതി. ശോഭ=സൌന്ദര്യം=ലാവണ്യം.

൪൦

ഓർപ്പു=അറിയുന്നു. അനാദരോക്തികൾ=ബഹുമാനം കുറയ്ക്കുന്നതായുള്ള വാക്കുകൾ. ഉന്മഥനംചെയ്ക=ക്ലേശിപ്പിക്ക.

൪൧

വിപന്നൻ=ആപത്തിലകപ്പെട്ടവൻ. പ്രിയം=സ്നേഹം. നയം=ന്യായം. (സ്നേഹധർമ്മം). രുജ=മനോവേദന. പക്ഷപാതിനി=പക്ഷപാതമുള്ളവൾ. പക്ഷപാതം=സ്നേഹം (ഒരുപക്ഷത്തിൽമാത്രമുള്ള സ്നേഹം).

൪൨

അധീനം=കീഴ്പെട്ടത്. ചേതന=ബുദ്ധി. യുക്തി=ന്യായവാദം. ജ്വാല=അഗ്നിജ്വാല. ഇന്ധനം=വിറക്.

൪൩

കില്ല്=സംശയം- നയിക്ക=കൊണ്ടുപോവുക-

൪൪

വ്യവസായം=നിശ്ചയം. കൃത്യബോധം=കർത്തവ്യജ്ഞാനം ശിഖി=അഗ്നി. ധൂമാകുലം=ധൂമത്താൽ ആകുലം. ആകുലം=വ്യാപ്തം. (എന്തുചെയ്യണമെന്നു നിശ്ചയമില്ലാഞ്ഞു കുഴങ്ങി എന്നു താൽപര്യം).

൪൫

വെള്ളി=പ്രഭാതനക്ഷത്രം (ശുക്രൻ) വാടിയിൽ=തോട്ടത്തിൽ. സ്ഥിതി സമയാവസ്ഥ.

൪൬

ജ്വലദനുരാഗ=ജ്വലിക്കുന്ന അനുരാഗത്തോടുകൂടിയവൾ. അധികോൽകണ്ഠം=ഏററവും ഉൽകണ്ഠയോടുകൂടുംവണ്ണം. മതിശാലിനി=ബുദ്ധിശാലിനി വാച്യഭീതി=അപവാദഭയം ക്രുധ=കോപം.

൪൭

മുറ=മര്യാദ മുഗ്ദ്ധമതേ=മോഹത്താൽവിവേകംപോയവളെ! സ്വൈരിണി=സ്വതന്ത്ര. ഉന്മാദികൾ=ഭ്രാന്തുള്ളവർ.

൪൮

സുദീർഘയാത്ര=ഏററവും ദീർഘമായയാത്ര. സുഖാസനോചിത=സുഖാസനങ്ങളിൽ ശീലിച്ചവൾ. ഭീകരം=ഭയങ്കരം വിന്ധ്യപദ്ധതി=വി

ന്ധ്യപർവ്വതത്തിലെ വഴി. അസഹായനാരിമാർ=കൂടെ ആരുമില്ലാത്തസ്ത്രീകൾ.

൨൯

പുമാൻ=മനുഷ്യൻ. പവനൻ=വായു.

൩൦

പാരം=പിന്നെയും. വരൻ=മണവാളൻ. അസുബന്ധം=പ്രാണബന്ധം. നരകങ്കാളം=മനുഷ്യാസ്ഥിക്കൂട് (ആരോഗ്യശാലികൾക്കുപോലും ജീവിതം വിശ്വസിക്കത്തക്കതല്ല അങ്ങിനെ ഇരിക്കെ അസ്ഥിമാത്രശേഷനായ അവൻ ഇപ്പോൾ ജീവിച്ചിരിക്കുന്നുണ്ടെന്ന് എങ്ങിനെ വിശ്വസിക്കാം എന്നു താൽപര്യം).

൩൧

അതിവത്സല=ഏററം സ്നേഹമുള്ളവൾ. ബുധർ=വിവേകികൾ. അപ്രിയസത്യം=പ്രിയമല്ലാത്ത സത്യം. നീതി=ധർമ്മം. സൌഹൃദം=സ്നേഹം. ഇതു്=ഞാൻ പറയുന്നതു്- (അപ്രിയമാണെങ്കിലും ഞാൻ സത്യം പറയുന്നതു സ്നേഹംകൊണ്ടാണെന്നു താൽപര്യം).

൩൨

വിധി=സ്രഷ്ടാവ്. വിശ്വസുഖം=ലോകസുഖം. സ്വദിക്ക=അനുഭവിച്ചറിയുക മതി=ബുദ്ധി. രാഗം=ഇച്ഛ രതി=രാഗം. അസമീക്ഷ്യകാരി=ബുദ്ധി ഉപയോഗിക്കാതെ പ്രവൎത്തിക്കുന്നവൻ സുധി=നല്ലബുദ്ധിയുള്ളവൻ. ധാതാവെ=സ്രഷ്ടാവെ. അനാദരിക്ക=നിന്ദിക്ക.

൩൩

അതിമോഹാകുലം=അതിമോഹത്താൽ കുഴങ്ങിയതു്. വിരമിക്ക=പിൻവലിക്ക. ക്ഷതി=അപായം.

൩൪

പരം=ഏററവും. പീഡ=വേദന. കരുണാർഹ=ദയനീയ. കുലായം=കൂട്ട്. ആത്തം=ആത്തിപിടിച്ചതു്. ചുഴന്നവായു=ചുററിഅടിക്കുന്നകാററു്.

൩൫

ഊഢശക്തി=ഒന്നായിസ്വരൂപിച്ച ശക്തിയോടുകൂടിയതു്. വിങ്ങി=ഞെരുങ്ങി. മനതാർ=മനസ്സാകുന്ന പുഷ്പം. അനവദ്യഗുണാഢ്യ=അനവദ്യങ്ങളായ ഗുണങ്ങളോടുകൂടിയവൾ. അനവദ്യങ്ങൾ=പരിശുദ്ധങ്ങൾ. ഘനസൌരഭ്യം=വ്യാപ്തമായ പരിമളം, ഇടതിങ്ങിയപരിമളം.

൯൬

വിഹിതാവിഹിതങ്ങൾ=വിധിനിഷേധങ്ങൾ (നന്മതിന്മകൾ) ഇഹ=ഈ ലോകത്തിൽ. ധർമ്മരഹസ്യം=കർത്തവ്യപരമാർത്ഥം. നിഹിതം=നിക്ഷിപ്തം. നിത്യവിഭിന്നം=എന്നും മാറിക്കൊണ്ടിരിക്കുന്നതു്. നയം=ലോകനീതി മനസ്സാക്ഷിയാണ് കൃത്യാകൃത്യങ്ങളിൽ പ്രധാനപ്രമാണമെന്നും ലോകനീതി കാലദേശാവസ്ഥകൾ അനുസരിച്ച് മാറിക്കൊണ്ടിരിക്കുന്നതിനാൽ അത്ര പ്രധാനമല്ലെന്നും താൽപര്യം.

൯൭

അറിയും ജനനീതിസീമ=അറിവിൽപെട്ട ലോകനീതിയുടെ അതിർത്തി. തിറമായി=സാമർത്ഥ്യത്തോടെ. അപൂർണ്ണരാഗികൾ=അനുരാഗത്തിൽ പൂർണ്ണതയില്ലാത്തവർ. നിറയും രതി=പൂർണ്ണാനുരാഗം. ലോകസംഗ്രഹം=ലോകമര്യാദയെ പാലിക്കുന്നതു്. കുറി=ലക്ഷ്യം. കുസൽ=സങ്കോചം

൯൮

സുപരീക്ഷിതം=നല്ലവണ്ണം പരിശോധിച്ചതു്. ഇതു=ഈ മനഃപരിപാകം (എന്നു താൽപര്യം). ത്രപ=ലജ്ജ=നാണം. അപരോക്ഷം=പ്രത്യക്ഷമായിട്ടു പ്രിയഹസ്തപീഡനം=പ്രിയൻെറ പാണിഗ്രഹണം.

൯൯

ബാഹ്യം=പുറമേയുള്ളതു്. തടവുക=ആശ്രയിച്ചുനിൽക്കുക. അതീവ=ഏററവും. സ്ഫുടസൌഹൃദം=സ്പഷ്ടമായ സ്നേഹം. ആന്തരാത്മികം=അന്തരാത്മാവിലുള്ളതു്. ലോകമര്യാദകൾ സ്ഥൂലശരീരത്തെ മാത്രം ആസ്പദമാക്കിനിൽക്കുന്നു. അതുകൊണ്ടു അവ സ്ഥൂലശരീരത്തെക്കാൾ പുറമേയുള്ളവയാകുന്നു അവയെ വിസ്മരിപ്പാൻ കഴിയും. എന്നാൽ പരിപക്വമായ സ്നേഹം അന്തരാത്മാവിൽ വ്യാപിച്ചു പോയിരിക്കുന്നതാകയാൽ അതിനെ വിട്ടുപിരിയുന്നതു് അസാദ്ധ്യം എന്നുതാൽപര്യം.

൱൦

അലം=മതി. അതിഭീതി=വേണ്ടതിലധികമായ ഭയം. ധീമതി=ബുദ്ധിയുള്ളവൾ. മാംസകഞ്ചുകം=മാംസച്ചട്ട (സ്ഥൂലശരീരം)

൱൧

ഭയസീമ=ഭയത്തിൻെറ പരമകാഷ്ഠ. അനാരതം=എപ്പോഴും. വിരഹാർത്ത=വിരഹപീഡിത. പ്രാണികൾക്കു മരണമാണ് ഏററവും ഭയങ്കരമായിട്ടുള്ളതു്. എനിക്കു മറിച്ച് വിരഹവേദനകൊണ്ടു ജീവിതമാണ് അതിഭ-

യങ്കരമായി തീന്നിരിക്കുന്നതു്. അതിനാൽ അവസ്ഥയനുസരിച്ചു അനുഭവം ഭേദിച്ചിരിക്കുന്നതുകൊണ്ടു ന്യായവും ഭേദിച്ചിരിക്കുമെന്നു താൽപയ്യം.

൩൨

ദ്രുതം=വേഗം. ആ വനഭാഗം=നീ പറഞ്ഞ വനപ്രദേശം.

൩൩

പരം=എന്നുതന്നെയല്ല. ജലാശ്രി=വെള്ളം അന്വേഷിക്കുന്നതു്.

൩൪

വപുസ്സ്=ശരീരം. തരം=ബദ്ധപ്പാടു്. അതിൽ=പക്ഷിയിൽ. ഈർഷ്യ= അസൂയ. പക്ഷിവേഗത്തിൽ നീ ഇരിക്കുന്ന ദിക്കിൽ പറന്നെത്താൻ എനിക്ക ചിറകില്ലാഞ്ഞിട്ടു അതിനോടു അസൂയതോന്നുന്നു.

൩൫

രവി=സൂൎയ്യൻ.

൩൬

സ്ഥിരചേതനകൾ=സ്ഥിരനിശ്ചയമുള്ള ആത്മാക്കൾ സമവായം=സംബന്ധവിശേഷം. വൈഭവം=ബലം. പരൻ=മറെറാരുത്തൻ. മോഹം=ഭ്രാന്തി. ആയതു=ആ സംബന്ധബലം.

൩൭

കോകനായകൻ=ആൺ ചക്രവാകപക്ഷി. വിരഹോൽകണ്ഠ=വിരഹവേദന.

൩൮

സകരുണം=കരുണരസത്തോടുകൂടെ. സഹ്യമല്ലാഞ്ഞു=പൊറുക്കാൻ കഴിയാതെ. പികമൊഴി=കുയിലിനെപ്പോലെ ശബ്ദമാധുൎയ്യമുള്ളവൾ. അനുകമ്പാശാലികൾ=പരസ്പരസ്നേഹമുള്ളവർ. സമക്ഷം=സന്നിധിയിൽ.

൩൯

പ്രസന്നകുലദൈവം=പ്രസാദിച്ചിരിക്കുന്നകുലദൈവതം. അമ്പ്=കരുണ. വിന്ധ്യേശ്വരി=പ്രസിദ്ധപ്പെട്ട വിന്ധ്യപൎവ്വതക്ഷേത്രത്തിലെ ഭഗവതി.

൪൦

ആ വനാന്തം=നായകൻ വസിക്കുന്ന വിന്ധ്യവനം. ബാഹ്യേന്ദ്രിയം= പഞ്ചേന്ദ്രിയങ്ങൾ. ചിത്തസത്വങ്ങൾ=മനസ്സും ആത്മാവും.

................

## മൂന്നാംസർഗ്ഗം.

൧

അധരിത കിന്നരനാരിമാർ=സൌന്ദൎയ്യംകൊണ്ടു കിന്നരസ്ത്രീകളെ കീഴാക്കിയവർ. പൃഥു=വലിയതു്. കൂട്ട്=സംഘം. വിധുര=വിരഹാൎത്ത. വലാകകൾ=വെള്ളിൽ പക്ഷികൾ

൨

കുസുമിതവനകാന്തി=പൂത്തിരിക്കുന്ന കാട്ടിന്റെ ശോഭ. ആത്മകാന്തവ്യസനിനി=തന്റെ ഭൎത്താവിൽ അത്യാസക്തയായവൾ. അസുലഭമണി=ദുർല്ലഭമായ (വിലയേറിയ) രത്നം. അസദൃശം=തുല്യമില്ലാത്തതു്. ആകരം=ഖനി. ധാതുഭംഗി=ധാതുക്കളുടെ ശോഭ. ധാതുക്കൾ=ചായില്യം മനയോല മുതലായ ധാതുക്കൾ.

൩

ചമ്പകഗന്ധം=ചമ്പകപുഷ്പത്തിന്റെഗന്ധം. ഹരിച്ചു=ആകർഷിച്ചു=കവൎന്നു. അന്തരംഗം=മനസ്സ്. നർമ്മദോൎമ്മീപരിചയശൈത്യമിയന്നമന്ദവായു=നർമ്മദാനദിയിലെ ഓളങ്ങളിൽ തട്ടി തണുത്തഇളംകാററു്.

൪

സുഖദം=സുഖകരം. മുഖരസം=മുഖഭാവം വനാവലി=വനനിര.

൫

തരുനായകാന്തികം=തരുനായകന്റെ സമീപം. തരുനായകൻ=വന്മരം. അലർ=പുഷ്പം. ലളിതം=മനോഹരം. ലതാവലി=വള്ളിക്കൂട്ടം. ലാസ്യം=നൃത്തം.

൬

ഭിദുരം=തുറക്കുന്നതു്. (വെളിവാക്കുന്നതു്) പൂൎവ്വവിസ്മൃതി=പഴയകാൎയ്യം മറക്കുക. മൃദുതരവായുതരംഗരംഗലോലം=മൃദുതരവായുവിന്റെ തരംഗരംഗത്തിൽലോലം. മൃദുതരവായു=ഇളംകാററു്. തരംഗരംഗം=അലയാകുന്ന അരങ്ങു്. ലോലം=കളിയാടുന്നതു്. ഹൃതഹൃദയം=മനസ്സിനെ കവരുന്നതു്. ഹിതകരം=ശുഭസൂചകം. ഹേമപുഷ്പഗന്ധം=ചെമ്പകപ്പൂവിന്റെഗന്ധം.

൭

അവികലനിർമ്മലർ=പൂൎണ്ണശുദ്ധകൾ. അവിതഥം=സത്യസ്വരൂപം. ജീവിതദൈവതം=ജീവിതത്തിന്റെ അധിഷ്ഠാനദേവത. ജീവനായകൻ.

൮

ഉരുകിസലയ ചാരുശാഖ=അധികമായിരിക്കുന്ന തളിരുകളാൽ മനോഹരമായശാഖ. ശാഖ=കൊമ്പു്. തരു=വൃക്ഷം.

൯

ത്വരയോടു=വേഗത്തോടെ. പരിചിത=പരിചയിച്ചിട്ടുള്ളവൾ.

൧൦

ഗിരികടകം=ഗിരിയുടെ ചരിവു. മഞ്ജുരേവാപരിസരം=മനോഹരമായിരിക്കുന്ന നർമ്മദാനദിയുടെ സമീപപ്രദേശം. ഉരുകുസുമം=വളരെ പുഷ്പങ്ങളുള്ളതു്. ഉദാരശോഭം=ഗംഭീരമായഭംഗിയുള്ളതു്. ഉഷസ്സ്=പ്രഭാതം. മനോജ്ഞം=മനോഹരം.

൧൧

പൊൻപൂവിടപികൾ=പൂത്തചമ്പകവൃക്ഷങ്ങൾ. അതിമോഹലോഹിതാംഗി=അനുരാഗാധിക്യത്താൽ ചുവന്ന ശരീരത്തോടു കൂടിയവൾ. പുളകപാളി=രോമാഞ്ചനിര. അശോകശാഖ=അശോകത്തിന്റെ കൊമ്പു്.

൧൨

അനർഗ്ഗളബാഷ്പവൃഷ്ടി=തടവുകൂടാത്ത അശ്രുധാര. മൂക=ശബ്ദിക്കാത്തവൾ=വിഹ്വലാംഗി=പരവശമായ അംഗത്തോടുകൂടിയവൾ.

൧൩

തനുഭരം=ശരീരത്തിന്റെ ഭാരം. വിലങ്ങുന്ന=കുറുകെ ഗമിക്കുന്ന. അനലശിഖോജ്ജ്വലം=തീജ്വാലപോലെ തിളങ്ങുന്നതു്. ഏകഹസ്തം=ഒററകൈ. വീണാനിനദ=വീണാനാദംപോലെ സ്വരത്തിനു മാധുൎയ്യമുള്ളവൾ. സമുദ്ഗതഗദ്ഗദം=പൊങ്ങിയിരിക്കുന്ന തൊണ്ട വിറയലോടു കൂടും വണ്ണം.

൧൪

കുസുമശബളകാന്തി=നാനാവൎണ്ണങ്ങളായ പുഷ്പങ്ങളെക്കൊണ്ടു് ചിത്രമായ കാന്തിയോടുകൂടിയതു്. നഭസ്സിൽ=ആകാശത്തിൽ പ്രസൃമരം=പരന്നിരിക്കുന്നതു്. ചമ്പകാതപം=ചമ്പകപ്പൂക്കളാകുന്നവെയിൽ. അസമയരമണീയം=അസമയത്തിൽ രമണീയമായിരിക്കുന്നതു്. സസഖി=ഇഷ്ടതോഴി ... സൌന്ദൎയ്യം=പ്രഭാതശോഭ. നിത്യഭാവം=നിത്യത്വം. നാനാവൎണ്ണങ്ങളായ മററ പുഷ്പങ്ങളുടേയും, ഇളവെയിലിന്റെ കാന്തിയോടുകൂടി എങ്ങും വ്യാപിച്ചിരിക്കുന്ന ചമ്പകപ്പൂക്കളുടേയും ശോഭകൊണ്ടു ആ സ്ഥലത്തു് സമയഭേദമില്ലാതെ പ്രഭാതം സ്ഥിരമായി നില്ക്കുന്നോ എന്നു തോന്നുമെന്നു താല്പൎയ്യം.

൫൫

ചിത്രവൎണ്ണം=നാനാവൎണ്ണം. ഉലക്=ലോകം, ചലദനിലം പ്രതി=ഇളകുന്നകാററുതോറും. ചാരുചിത്ര ഗന്ധം=മനോഹരമായ നാനാഗന്ധങ്ങളോടുകൂടിയതു്. വിസ്മരം=വ്യാപിച്ചിരിക്കുന്നതു്. ചിത്രനാദം=നാനാവിധശബ്ദങ്ങളോടുകൂടിയതു്. കുതൂഹലം=കൌതുകം. ഭൂരിഭേദം=ഏററവും ഭിന്നഭിന്നമായിരിക്കുന്നതു്. പൃഥ്വ്യാദി ഭൂതങ്ങളുടെ ഗുണങ്ങൾ അവയുടെ നാനാപരിണാമങ്ങളോടുകൂടി അവൎക്കു അത്ഭുതപൂൎവ്വമായ ആനന്ദത്തെ നല്കി എന്നൎത്ഥം.

൫൬

ഗഗനതടം=ആകാശപാൎശ്വം. നഗപതി=പൎവ്വതശ്രേഷ്ഠൻ (വിന്ധ്യൻ) നിതംബഭൂ=അടിവാരം. ഏവം=ഇങ്ങിനെ. അഗണിതഭംഗി=ഗണിപ്പാൻ കഴിയാത്തഭംഗി.

൫൭

അനഘൻ=നിൎമ്മലൻ. അമരകല്പൻ=ദേവതുല്യൻ- തന്നതു്=സ്വന്തം ഗതി=ഓട്ടം. മന്ദരം=ലായം. വാജി=കുതിര.

൫൮

നവചമ്പകാൽസുകൻ=പുതിയചമ്പകപ്പൂക്കളിൽ അതിതാൽപൎയ്യമുള്ളവൻ. മദ്ദയിതൻ=എന്റെ പ്രിയൻ. അഹേതുകം=കാരണംകൂടാതെ. (സഹജം) ഏതൽ പ്രിയകരമഞ്ജരി=ഇതിന്റെ (ചമ്പകത്തിന്റെ) ആനന്ദപ്രദമായ പൂംകുല. മഞ്ജുദ്യുതി=മനോഹരിയായ ദ്യുതി.

൫൯

അനിതരസമഭൂതി=മറെറാന്നിന്നില്ലാത്ത സൌഭാഗ്യമുള്ളതു്. വനിതകൾ=സ്ത്രീകൾ.

൬൦

വിധുത=രമിക്കപ്പെടുന്നതു്. (ഇളക്കപ്പെടുന്നതെന്നും) മഹസ്സ്=കാന്തി. അധഃകൃതതാരക=നക്ഷത്രത്തെ കീഴാക്കുന്നതു്. മധുപമലിനർ=മധുപന്മാരായ മലിനർ. മധുപന്മാർ=വണ്ടുകൾ, മദ്യപന്മാർ എന്നും; മലിനർ=പാപവൃത്തികൾ, കറുത്തവർ എന്നും വിധുരവനാവലിവല്ലിലമ്പടന്മാർ=ആത്തരായി കാട്ടുകളിലെ വല്ലികൾതോറും തെണ്ടി നടക്കുന്നവർ. (ചമ്പകപ്പൂക്കളിൽ വണ്ടുകൾ പോകാറില്ലത്രെ).

൬൧

രമണ=പ്രിയ. സാൎത്ഥം=അൎത്ഥമുള്ളതു്. ഇസ്സുമത്തിൽ=ചമ്പകപ്പൂവിൽ എന്നു താൽപൎയ്യം. സഹജരസം=സ്വാഭാവികമായ രസം. ഭവതീയരാഗയോഗം=അങ്ങയുടെ സ്നേഹബന്ധം. മഹദഭിമതം=മഹാന്മാ

ക്ക് സമ്മതമായിട്ടുള്ളതു്. ശീലം=സ്വഭാവം. സഹചരർ=ഇഷ്ടന്മാർ ഏകനിദർശനം=മുഖ്യദൃഷ്ടാന്തം. മുൻപറഞ്ഞ സംഗതികൊണ്ടു ചാരിത്രനിഷ്ഠയുള്ള ചമ്പകപ്പൂവിൽ അദ്ദേയ്ക്കു സ്വഭാവേനയുള്ള സ്നേഹബന്ധം അർത്ഥവത്തുതന്നെ. ഒരാളുടെ സ്വഭാവത്തെപ്പററി അറിയുന്നതിനു അയാളുടെ സ്നേഹിതന്മാരെ ദൃഷ്ടാന്തമായെടുക്കുന്നതു് മഹത്തുക്കൾക്കു സമ്മതമായിട്ടുള്ളതാണ്.

൨൨

ദ്രുമം=(പ്രകൃതത്തിൽ) ചമ്പകവൃക്ഷം. നിശ്വസിച്ചു=നെടുവീർപ്പിട്ടു. സമരുചി=തുല്യശോഭ. മനോജ്ഞം=അഴകുള്ള. ഹസ്തതാരു്=കൈത്താരു. (ചമ്പകപ്പൂവിന്റെ നിറമാണു് അവളുടെ കൈകൾ എന്നു താൽപര്യം.) മുത്തി=ചുംബിച്ചു. ചൂഡ=മുടി

൨൩

സാദ്ധ്വീമണി=പതിവ്രതാരത്നം. പ്രണയി=പ്രിയൻ. അലംകൃതയാക്കുക=അലംകരിക്കുക.

൨൪

അവഹിതം=സൂക്ഷിച്ചു്. അവിരതം=ഒഴിയാതെ. ആർത്തിനിബന്ധനസ്വനങ്ങൾ=ആർത്തി ഹേതുവായിട്ടുള്ള ശബ്ദങ്ങൾ. സംഗമഗന്ധബന്ധുരങ്ങൾ=സംഗമം ഹേതുവായിട്ടുള്ള ഗന്ധത്താൽ മനോഹരങ്ങൾ. (അവന്റെ അംഗസൌരഭ്യംകൊണ്ടു മനോഹരങ്ങൾ.) അവന്റെ ആർത്തസ്വരങ്ങളും അംഗസൌരഭ്യവും ഈ കാട്ടിൽ ലയിച്ചു കിടക്കുന്നതായി അവളുടെ ഇന്ദ്രിയങ്ങൾക്കു അനുഭവപ്പെട്ടു എന്നു് താൽപര്യം.

൨൫

വിചികിത്സ=സംശയം. വത്സലേ=സ്നേഹമുള്ളവളെ. പടിമ=സാമർത്ഥ്യം. ഇന്ദ്രിയം=ജ്ഞാനേന്ദ്രിയം. ദർപ്പണം=കണ്ണാടി. വാപി=കുളം.

൨൬

സ്വവശസുലഭ=സ്വന്തം അധീനതയിൽ ഉള്ളതു്. ഭൂഷ=ആഭരണം. അവയവപങ്ക്തി=അവയവങ്ങൾ. അവികലശോഭ=പൂർണ്ണമായശോഭ. ആത്മനാഥൻ=ജീവനാഥൻ.

൨൭

സ്ഫുരിതതനുപ്രഭം=മിന്നുന്നകാന്തിയോടു കൂടുംവണ്ണം. തരുനികുഞ്ജം=മരത്തിന്റെ അടിയിലുള്ള വള്ളിക്കുടിൽ. തരളതടില്ലത=ഇളകുന്ന മിന്നൽക്കൊടി. കന്ദരം=ഗുഹ.

൨൮

പല്ലവങ്ങൾ=തളിരുകൾ വസന്തകാന്തി=വസന്തകാലഭംഗി

൨൯

അനുപദം=ഉടനെ. ജന്മരമ്യം=സ്വഭാവമനോഹരം. നിർഗ്ഗമിക്കുക=പുറത്തുവരുക. ഘനം=കട്ടിയുള്ളത്=സ്ഥൂലം; അനലപുടം=മൂശ. കനകശലാക=പൊൻകമ്പി.

൩൦

വിരളമണിസുമങ്ങൾ=ചുരുക്കം രത്നങ്ങളും പുഷ്പങ്ങളും. പരിഹിതനീലനവാംബരാഭ=ധരിച്ചിരിക്കുന്ന നീലവർണ്ണമായ വസ്ത്രത്തിന്റെ കാന്തി (ആകാശത്തിന്റെ എന്നും), പരിഗതസുമകാലതുല്യം=വസന്തകാലത്തിന്റെ അവസാനത്തോടുതുല്യം. ഗ്രീഷ്മാരംഭത്തോടു തുല്യമെന്നു താല്പര്യം. സ്ഫുരിതം=മിന്നുന്ന. പരാഗം=പൂമ്പൊടി. (പൊടി എന്നും) വരാംഗി=സുന്ദരി.

൩൧

തനുഗാത്രി=കൃശാംഗി.

൩൨

ലീലാവ്യവസിതസിദ്ധി=ലീലയുടെ നിശ്ചയത്തിന്റെ അല്ലെങ്കിൽ ശ്രമത്തിന്റെ ഫലം. അവയവസാദം=ശരീരത്തിന്റെ തളർച്ച.

൩൩

മട്ടലർശില=പൂക്കൾ നിറഞ്ഞുകിടക്കുന്ന കല്ല്. അന്തിമേഘക്കൊടുമുടി=സന്ധ്യാമേഘത്തിന്റെ മുകൾഭാഗം താരം=നക്ഷത്രം. തടം=താഴ്വര. തന്വി=കൃശഗാത്രി (ലീല) സ്ഫുടം=തെളിഞ്ഞ കിരണങ്ങൾ=രശ്മികൾ.

൩൪

പ്രിയമൊഴി=ഇഷ്ടമായ വാക്ക്. വനദേവർ=വനദേവതകൾ. കപോതപ്പൂതഘോഷം=മാടപ്രാക്കൾ കുറുകുന്നകോലാഹലം. [പ്രിയനുടെകഥ=(കാമുകന്റെ വൃത്താന്തം. പ്രവൃദ്ധരാഗം=വർദ്ധിച്ചിരിക്കുന്ന രാഗത്തോടുകൂടിയതു രാഗം=അനുരാഗം. സ്വരമാധുര്യമെന്നും) കുറുകുറുനിനാദം=കുറു, കുറു, കുറു, കുറു, എന്ന ശബ്ദം.

൩൫

അളിപടലികൾ=വണ്ടിൻകൂട്ടങ്ങൾ. രന്ധ്രം=ദ്വാരം. മരുത്ത്=വായു. കളകളം=കോലാഹലം.

൩൬

ഹൃദയനാഥ-ജീവനാഥ. ചിരവിയുക്തദർശനം=വളരെക്കാലമായി ഇല്ലാതിരിക്കുന്ന ദർശനം.

൧൮൭

സ്ഥിരചരിതൻ=സ്ഥിരനിഷ്ഠയുള്ളവൻ. മദീയജീവിതം=എന്റെ ജീവിതം. അഭിവാഞ്ഛ=ആസക്തി.

൧൮൮

ഗുരുജനഭയപഞ്ജരസ്ഥ=ഗുരുജനഭയമാകുന്ന പഞ്ജരത്തിൽ ഇരിക്കുന്നവൾ. ഗുരുജനഭയം=അച്ഛനെക്കുറിച്ചുള്ള പേടി. പഞ്ജരം=കൂട്ട. പരൻ=അന്യൻ. ദത്ത=ദാനം ചെയ്യപ്പെട്ടവൾ.

൧൮൯

അഭിമാനം=ഗർവ്വം. അതുലൻ=തുല്യമില്ലാത്തവൻ. തുല്യശീല=തുല്യമായ ചാരിത്രശുദ്ധിയുള്ളവൾ. അമൂല്യരത്നമേ=വിലമതിക്കാൻ കഴിയാത്ത രത്നമേ. ശ്ലഥമതി=ചപലബുദ്ധി. ദയനീയ=ദയാർഹ.

൧൯൦

കരുത്തുവത്ത്=ഇഷ്ടമുള്ളത്. വരുതിലഭിച്ചതിൽ=ജനസമ്മതമായിട്ടുള്ളതിൽ. വിചാരം=മനോഗതി. പരമഹിതം=ഏററവും പത്ഥ്യമായിട്ടുള്ളത്. (അറിഞ്ഞുകൂടാ=ആക്കും അറിവാൻ തരമില്ല) ആയുഃസ്ഥിരത=ആയുസ്സിന്റെ സ്ഥിരത. നരത്വം=മനുഷ്യത്വം. (കൃത്രിമമായ നിർബന്ധങ്ങളാലും സഹജമായ അസ്വാതന്ത്ര്യത്താലും മനുഷ്യന്റെ അവസ്ഥ ഏററവും നിന്ദ്യമാണെന്നു താൽപര്യം.)

൧൯൧

പരവശ=സ്വാതന്ത്ര്യമില്ലാത്തവൾ. അപ്രഗൽഭ=തന്റേടം ഉണ്ടാകാത്തവൾ. വിരസത=അഹിതം. പരിണതം=പക്വം.

൧൯൨

ചിരതരം=വളരെക്കാലം. ഗുണനാൽകരം=ഗുണാധിക്യം. സ്ഥിരാത്മാവു=സ്ഥിരഹൃദയൻ. നിമിഷാർദ്ധവും=അരനിമിഷവും.

൧൯൩

മതി=വേണ്ട, മതിയാക്കാം. മല്ലൽസുകൻ=എന്നിൽ ആസക്തിയോടുകൂടിയവൻ. അതിവിമലാശയൻ=ഏററവും പരിശുദ്ധഹൃദയൻ. അന്യഥാധരിക്കാ=തെററിദ്ധരിക്കുകയില്ല. ദ്യുതി=പ്രകാശം. രാഗഭൂവാം=യഥാൎത്ഥമായ പ്രേമത്തിന്നിരിപ്പിടമായത്. മലീമസശങ്ക=മലിനമായശങ്ക=ദുശ്ശങ്ക. അങ്കുരിക്ക=മുളക്കുക.

൨൰൨

അനുനയിക്ക=അനുവൎത്തിക്ക.

൨൰൩

നയനപഥം=ദൃഷ്ടിപഥം (കാഴ്ച) അത്ത്=ആ നില്പ്. ഇന്ദ്രിയങ്ങൾക്ക=ജ്ഞാനേന്ദ്രിയങ്ങൾക്കും അന്തരിന്ദ്രിയത്തിനും(അന്തരിന്ദ്രിയം=മനസ്സ്.) അരതിദൎശനം=വെറുപ്പുണ്ടാക്കുന്ന കാഴ്ച.

൨൰൪

അവഭയം=ഭയംകൂടാതെ.

൨൰൫

പ്രണയശിഖി=പ്രേമമാകുന്ന അഗ്നി. ഘൃണ=ദയ.

൨൰൬

കരുണകരുണം=ഏററവുംദയനീയമാംവണ്ണം. മൂൎച്ഛ=മോഹാലസ്യം. വിരതപവനവാപി=കാററടങ്ങിയ കായൽ. വിരുതം=ശബ്ദം. ഗുല്മം=പൂച്ചെടി.

൨൰൮

പ്രണയനിഭൃതചിത്തം=നിറഞ്ഞ അനുരാഗത്താൽ നിശ്ചലമായിരിക്കുന്ന മനസ്സോടു കൂടുംവണ്ണം. ഗണം=കൂട്ടം. പതഗങ്ങൾ=പക്ഷികൾ. ശാഖി=വൃക്ഷം.

൩൰

ചടുലലതകൾ=ആടുന്നവള്ളികൾ. വിടപികൾ=വൃക്ഷങ്ങൾ. അനുമൂൎച്ഛ=അനുസരിച്ചുള്ള മോഹാലസ്യം. മേളം=വാദ്യം. രംഗഭൂമി=അരങ്ങ്.

൩൰൧

നിയതചരമയാനൻ=നിശ്ചിതമായിരിക്കുന്ന ചരമയാനത്തോടുകൂടിയവൻ. ചരമയാനം=അസ്തപൎവ്വതത്തിലേക്കുള്ള യാത്ര. (അവസാനയാത്രയെന്നും)- ഓജഃക്ഷയദയനീയൻ=ഓജഃക്ഷയംകൊണ്ടു ദയനീയൻ. ഓജക്ഷയം=കാന്തിക്ഷയം (ശക്തിക്ഷയം എന്നും) ഉപചിതരാഗം=രാഗം വൎദ്ധിച്ചതു്. (രാഗം ചുവപ്പ് എന്നും അനുരാഗം എന്നും) കരം=രശ്മി, കൈയ എന്നും.

൩൰൨

ഹൃദയഹരണം=മനസ്സിനെ ആകൎഷിക്കുന്നതു്. വിലാപഗീതം="വരികഹൃദയനാഥ" എന്നുതുടങ്ങിയ വിലാപമാകുന്ന (പുലമ്പൽ ആകുന്ന) പാട്ട്. സദയത=കാരുണ്യം. ചേതനം=ജീവലോകം. ഗദം=ശരീരാസ്വാസ്ഥ്യം

൯൨

ഉരഗനിരകൾ=പാമ്പുകൾ. ധൂൎത്തവംശരാഗം=ധൂൎത്തന്മാരുടെ വംശരാഗം=ചതിക്കുന്നവരുടെ കുഴലൂത്തു്. വിഡംബഗാഥ=ശ്രദ്ധയില്ലാത്തപാട്ടു. സുരർ=ദേവതകൾ. അലം=ഏററവും ഫലാർഹം=സഫലമാവാൻ യോഗ്യം=ഉദ്ദേശ്യംസാധിക്കേണ്ടതു്. സരളമനോഹരം=നിഷ്കപടമായും മനോഹരമായും ഇരിക്കുന്നതു്- സത്യഗാനം=വാസ്തവമായഗാനം.

൯൩

വനമദ്ധ്യദീപികേ=നടുക്കാട്ടിലെ വിളക്കേ. ഇതി=ഇങ്ങിനെ വിദഗ്ദ്ധ=സമൎത്ഥ. അംബരവാണി=അശരീരിവാക്കു്.

൯൪

ഉദിതബോധ=സ്വബോധം വന്നവൾ.

൯൫

വിക്ലതം=ബീഭത്സം. വിസ്ഫുടാശം=ആശ വെളിപ്പെട്ടമാറു്. കപോതി=പ്രാവേട.

൯൬

വ്യവഹിതം=വേർപെട്ടതു്. ധ്രുവം=നിശ്ചയം. മാംസനിബന്ധം=മാംസത്തിൽമാത്രം ബന്ധിച്ചുനിൽക്കുന്നതു്. മാംസം=സ്ഥൂലശരീരം. രാഗം=അനുരാഗം.

൯൭

ഇതരേതരം=അന്യോന്യം. സ്വവദനം=തന്റെമുഖം. എതിരിടുക=നേരേകാണുക ദൎപ്പണം=കണ്ണാടി. സവിധം=സമീപം.

൱൦

ശുഷ്കം=ഉണങ്ങിയതു് മോഹനവല്ലി=മനോഹരവല്ലി.

൱൧

മദജനകം=വ്യാമോഹത്തെ ഉണ്ടാക്കുന്നതു് അഭീഷ്ടം=ആശിച്ചിരുന്നതു്. രൂപം=സൌന്ദൎയ്യം. കദനം=ആൎത്തി. വിമൎദ്ദനം=കെടുക്കുന്നതു്. അംഗസംഗം=അംഗസ്പൎശം, സദയമധുരവാക്കു=ദയാപൂർവ്വം കണ്ണുനന്ദകരവുമായ വാക്കു്.

൱൨

പ്രിയത=പ്രേമം- മോഹനമോഹനം=അത്യന്തമോഹനം.

28



൯൨

സുഖമീലിതാക്ഷി=സുഖംകൊണ്ടു കണ്ണടഞ്ഞവൾ. അനുപദം=ഉടനെ അനുകൻ=പ്രിയൻ. അധന്യം=ഭാഗ്യഹീനം. ബാഹുബന്ധം=കരബന്ധനം

൯൩

ഖഗം=പക്ഷി. ഉരന്തരാഗപാശം=അവസാനമില്ലാത്തഅനുരാഗച്ചരടു.

൯൪

ദൂരലക്ഷ്യൻ=ദൂരത്തിൽ കാണപ്പെടുന്നവൻ. ഇളംപിറ=ബാലചന്ദ്രൻ ലീനൻ=മറഞ്ഞവൻ.

൯൫

തരളഹൃദയ=വ്യാകുലചിത്ത. ബാഢം=അതിമാത്രം, പരിണതി=അവസാനം. വിധിവാമ്യം=വിധിയുടെ കൌടില്യം.

൯൬

ഭൃശജവം=ഏററവും വേഗത്തിൽ ശശി=ചന്ദ്രൻ- അനുഗത=പിന്നാലെ പോകുന്നതു്. സാദ്ധ്വി=സതി. അശരണ=സഹായമില്ലാത്തവൾ. താരാവശഗത=പ്രധാനനക്ഷത്ര(ത്തിൻെറ അധീനതയിലുള്ളതു്)ത്തെ ആശ്രയിച്ചുനിൽക്കുന്നതു്. ഉപതാര=അപ്രധാനനക്ഷത്രം.

൯൭

അതിജവം=വളരെവേഗം. തടിനീതടഗണ്ഡശൈലകൂടം=നദീതീരത്തുള്ള ഉയൎന്ന പാറക്കൂട്ടത്തിൻെറ കൊടുമുടി. ഗതിയിൽ=ഓട്ടത്തിൽ. പൂസരം=മങ്ങിയ വെളുപ്പു. മേഘശകലം=മേഘശകലം.

൯൮

അപരിഹാൎയ്യം=ഒഴിക്കാൻ പാടില്ലാത്തതു്. ശുചം=നിരാശ. ഘോരവാരിഭ്രമം=ഭയങ്കരമായവെള്ളത്തിൻെറ ഇളക്കം. അകാലികവൃദ്ധി=പെട്ടെന്നുള്ള വെള്ളപ്പൊക്കം. രയഘോഷം=ഒഴുക്കിൻെറശബ്ദം.

൱

രവി=സൂൎയ്യൻ.

൱൧

അപ്രസന്നം=മങ്ങിയതു്.

൱൨

തൽപഥം=അവൻപോയവഴി. ശാഖി=വൃക്ഷം. അവസിത=അവസാനിച്ചതു്. വ്യഥ=വ്യസനം ശുദ്ധി=ഹൃദയശുദ്ധി.

൩൫

കൃതാൎത്ഥ=കൃതകൃത്യ.

൩൬

ധവളതരംഗകരങ്ങൾ=വെളുത്ത ഓളങ്ങളാകുന്ന കൈകൾ. കൊള്ളിമീൻ=എരിഞ്ഞുവീഴുന്ന നക്ഷത്രം. അവനത=താണുപോകുന്നവൾ.

൩൭

ഇവൾ=തോഴി (മാധവി) നിഷ്ഠുരം=നിൎദ്ദയം. വിധി=ദുൎവ്വിധി. ഋപൂനായി=കൃതകൃത്യനായി-

൩൮

വാനാഭൂ=സ്വാരാജ്യം. കാംക്ഷിതം=മനോരഥം. അവിദിതപരിണാമം=അവസാനമറിവാൻ പാടില്ലാത്തതു്. അനാഥം=ആശ്രയമില്ലാത്തതു്.

൩൯

അനിശം=എന്നും. അവനിഗൎഭം=ഭൂമിയിലെ ഗൎഭാശയം (ഭൂഗൎഭം എന്നും) അനുഗത=തുടൎന്നുകൊണ്ടിരിക്കുന്നതു. രയം=പ്രവാഹം.

൩൯

വിദിതം=പ്രസിദ്ധം. ചലാചലത്വം=അസ്ഥിരത. കദനം=വ്യസനം. നദി=അല്ലയോ രേവേ ഹൃദയയുഗം=രണ്ടുഹൃദയം (ലീലാമദനന്മാരുടെ ഹൃദയങ്ങൾ) സ്ഥിരസൌഹൃദം=സ്ഥിരസ്നേഹമുള്ളതു്.

൪൦

നിജചരിതം=സ്വന്തംനടവടി ജഗൽസ്വപ്നഭീതൻ=ജഗത്താകുന്ന കിനാവുകണ്ടു ഭയപ്പെടുന്നവൻ. മിഥുനമേ=ദമ്പതികളേ, ആശംസ=ആശ. ധീ=ബുദ്ധി. ധര=ഭൂമി.

൪൧

ആസക്താശയ=ആസക്തമായ ഹൃദയത്തോടുകൂടിയവൾ. (അപ്പോൾ അന്തരിച്ചുപോയ മിത്രങ്ങളിൽ ദൃഢമായി പററിനില്ക്കുന്ന മനസ്സോടുകൂടിയവൾ) നിരാലംബ=ശരണമില്ലാത്തവൾ. സാശ്ലേഷം=ആശ്ലേഷം. ജൃംഭിച്ചു=പൊങ്ങി. സികതാംഗർ=കളിച്ചു ശുദ്ധമായ ശരീരമുള്ളവർ. യുവസ്ത്രീപുംസചിഹ്നം=ചെറുപ്പക്കാരായ സ്ത്രീപുരുഷന്മാരുടെ അടയാളം. ഭാസിക്ക=ശോഭിക്ക. പരിവേഷം=ദീപ്തിമണ്ഡലം. വദനശ്രീ=മുഖശോഭ.

൪൰൮

മാംസം=സ്ഥൂലശരീരം. പ്രണയജടിലം=പ്രണയംകൊണ്ടു ചുററിപ്പിണഞ്ഞതു്. ദേഹബന്ധം=ദേഹവുമായുള്ള കെട്ടു. വിരതഗതി=ഓട്ടം നിന്നതു്.

൪൰൯

ആ രാജമാനർ=തേജസ്സ്വരൂപികളായ അവർ. തൃഷ്ണ=ഉൽക്കണ്ഠ ഉദയോപരി=ഉദയപൎവ്വതത്തിന്മേൽ കൎമ്മസാക്ഷി=സൂൎയ്യൻ.

൫൰

ആടൽ=വ്യസനം അടവീപഥം=വനമാൎഗ്ഗം. രുജ=ദുഃഖം. അനുയാതർ=കൂടെ പോന്നിരുന്നവർ.

൫൰൧

സഖീരമണൻ=സഖിയുടെ കാമുകൻ. സാൎത്ഥകം=സത്യം (അൎത്ഥമുള്ളതു) ചീരാംബരം=മരത്തോൽപുടവ. അന്യാൎത്ഥം=പരോപകാരത്തിന്നായി. തുച്ഛം=നിസ്സാരം.

B116

25661